യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 15 ലക്കം 7 | ജൂലൈ 2017 | വില 10 രൂപ



## വാതിൽ ഇടുക്കവും വഴി ഞെരുക്കവും
സാക് പുന്നൻ

## താഴ്മയുടെ താഴ്വരയിൽ

## സത്യസന്ധതയുടെ പൂക്കൾ

## ധ്യാനചിന്തകൾ

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ. 6:68)

വാല്യം 15 ജൂലൈ 2017 ലക്കം 7

വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കോലഞ്ചേരി | 9446095370 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയിൽ | 9495575692 |
| വയനാട് | 9656128665 |


## മൊഴിമുത്തുകൾ

# സ്വന്തഭാവത്തോടല്ല ദിവ്യസ്വഭാവത്തോട് ഐക്യം



നമ്മുടെ സുപ്രധാനമായ ആവശ്യം നിർമലമായ ആത്മാവാണ്. നമ്മുടെ സ്വന്തഭാവത്തോടല്ല കർത്താവിന്റെ ദിവ്യസ്വഭാവത്തോടു നാം കൂടുതൽ അനുരൂപരാകണമെങ്കിൽ ഒരു ആന്തരിക നടപ്പു നാം ഇഷ്ടപ്പെട്ടേ മതിയാകൂ. ആ ആന്തരിക നടപ്പിൽ നിങ്ങളുടെ ജീവിതത്തിന്റെ മാർഗദർശിയായി കർത്താവിനെ കാണുകയും ഉണങ്ങിവരണ്ട സ്ഥാനത്തും അന്ധകാരം നിറഞ്ഞ ഇടങ്ങളിലും അവൻ നിങ്ങളുടെ വെളിച്ചമായിരിപ്പാൻ അനുവദിക്കുകയും വേണം.

**-മൈക്കൽ മോളിനോസ്**

## മീൻപിടിത്തം

A Joyful 'toon by Mike Watt




എന്റെ പിന്നാലെ വരുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും. *(മത്തായി 4:19)*

## എഡിറ്റോറിയൽ

# ശിഷ്യത്വത്തിന്റെ വഴിയിലെ സ്വാതന്ത്ര്യം



"ഇടുക്കു വാതിലിലൂടെ അകത്തു കടപ്പിൻ. നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്. അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ"
(മത്തായി. 7:13, 14)

ഇവിടെ ഒരു വഴി രണ്ടായി പിരിയുന്നു. ഈ മുക്കവലയിൽ വഴി കാട്ടിയായി ഒരു ബോർഡ് . അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു- "ഇതിൽ ഒരു വഴി വിശാലവും അതിലേക്കുള്ള പ്രവേശന മാർഗം വീതിയുള്ളതുമാണ്. രണ്ടാമത്തെ വഴി ഇടുങ്ങിയതാണ്. ഒരു ഇടുങ്ങിയ വാതിലിലൂടെ ഞെരുങ്ങി മാത്രമേ ആ വഴിയിലേക്കു പ്രവേശിക്കാനാവൂ."

സ്വാഭാവികമായും കൂടുതൽ പേരും വിശാലമായ ഒരു വഴിയിലൂടെ യാത്ര ചെയ്യാനാണ് ഇഷ്ടപ്പെടുക. വീതിയുള്ള വാതിൽ കടന്നു വിശാലമായ ഒരു വഴിയിലേക്ക്. ആഹാ എത്ര സുന്ദരം! എന്നാൽ നിൽക്കണേ, ഒരു നിമിഷം. ഈ വിശാലമായി വഴി ഒടുവിൽ എത്തിച്ചേരുന്നതു നാശത്തിലേക്കാണ്. രണ്ടാമത്തെ വഴിയോ? അത് ഇടുക്കവും ഞെരുക്കവുമുള്ളതാണ്. സ്വാഭാവികമായും വളരെ ചുരുക്കം പേരെ മാത്രമേ ഈ വഴിയിൽ കാണുവാൻ കഴിയൂ. എന്നാൽ ആ വഴി നിങ്ങളെ ജീവങ്കലേക്കു നയിക്കും. ഇനി പറയൂ, നിങ്ങൾക്ക് ഇതിൽ ഏതു വഴി വേണം?

തന്റെ പ്രശസ്തമായ ഗിരിപ്രഭാഷണത്തിൽ കർത്താവായ യേശുക്രിസ്തു ചൂണ്ടിക്കാട്ടിയ രണ്ടു വഴികളും വാതിലുകളും ഇവയാണ്. ഈ രണ്ടു വഴികളിൽ ഏതു തിരഞ്ഞെടുക്കണമെന്നുള്ളതു നമ്മുടെ സ്വാതന്ത്ര്യമാണ്.

ആട്ടെ, ഈ രണ്ടു പാതകൾ യഥാർത്ഥത്തിൽ നമ്മെ സംബന്ധിച്ചിടത്തോളം ഏവയാണ്? ഇതിൽ വിശാലമായ വഴി കർത്താവിനെ സ്വീകരിക്കാത്ത ലോകമനുഷ്യരുടെ വഴിയാണെന്നും അതു നാശത്തിന്റെ പാതയാണെന്നും ഒടുവിൽ അതു നരകത്തിൽ ചെന്ന് അവസാനിക്കുമെന്നും വ്യാഖ്യാനിക്കാറുണ്ട്. അപ്പോൾ അതിന്റെ എതിർവശത്ത് കർത്താവിനെ രക്ഷകനായി സ്വീകരിച്ചുള്ള വിശ്വാസത്തിന്റെ വഴി ഒരുവനെ സ്വർഗ്ഗത്തിലെത്തിക്കുമെന്നതിനാൽ ജീവനിലേക്കുള്ള ഇടുങ്ങിയ പാത ഈ ക്രിസ്തീയ മാർഗമാണെന്ന് പൊതുവേ പറയാം.

എന്നാൽ വിശ്വാസലോകത്തു തന്നെ ഇന്നു താരതമ്യേന വിശാലമായ വഴിയിലൂടെ യാത്ര ചെയ്യുന്നവരും ഇടുങ്ങിയ വഴി കണ്ടെത്തുന്നവരുമില്ലേ? ഉണ്ടെന്നുള്ളതാണു വാസ്തവം. കർത്താവിനെ രക്ഷകനായി സ്വീകരിച്ചു 'വിശ്വാസി'യായി. എന്നാൽ ശിഷ്യത്വത്തിന്റെ ഇടുങ്ങിയ പാത സ്വീകരിക്കാതെ ഒരു ശരാശരി ക്രിസ്ത്യാനിയുടെ വിശാലമായ വഴിയിലൂടെ യാത്ര ചെയ്യുന്നവരുടെ എണ്ണം ഇന്നു വർദ്ധിച്ചിരിക്കുന്നു. എന്നാൽ ഒന്നാം നൂറ്റാണ്ടിൽ 'സാധാരണ വിശ്വാസി', 'കർത്താവിന്റെ ശിഷ്യൻ' എന്നിങ്ങനെ വേർതിരിവുണ്ടായിരുന്നില്ല. ക്രിസ്ത്യാനി

കളാകുന്ന എല്ലാവരും തന്നെ ശിഷ്യത്വത്തിന്റെ വഴി സ്വീകരിച്ചവരായിരുന്നു. അപ്പോസ്തലപ്രവൃത്തി ആദ്യ അധ്യായങ്ങൾ നോക്കുക. പുരുഷന്മാരായാലും സ്ത്രീകളായാലും വിശ്വാസത്തിലേക്കു വന്നവരെല്ലാം ശിഷ്യൻ, ശിഷ്യ എന്നാണ് അറിയപ്പെട്ടിരുന്നത് (പ്രവൃ. 9:26, 36 വാക്യങ്ങൾ കാണുക). അന്നു ശിഷ്യന്മാരെയാണു ക്രിസ്ത്യാനികൾ എന്നു വിളിച്ചിരുന്നത് (11: 26). എന്നാൽ ഇന്നു പലപ്പോഴും ക്രിസ്ത്യാനിത്വവും ശിഷ്യത്വവും രണ്ടായി മുറിഞ്ഞു കിടക്കുകയല്ലേ?

തന്റെ പരസ്യ ശുശ്രൂഷാകാലത്തു യേശുവും ആളുകളെ ക്ഷണിച്ചിരുന്നതു വിശ്വാസിയാകാനല്ല മറിച്ചു ശിഷ്യനാകാനാണ്. താൻ കണ്ടു മുട്ടിയ ആളുകളോട് യേശു ആവശ്യപ്പെട്ടതു തന്നിൽ വിശ്വസിക്കുവാനല്ല തന്നെ അനുഗമിക്കുന്ന ശിഷ്യനാകുവാനാണ്. എന്നാൽ ഇന്നു ശിഷ്യത്വത്തിന്റെ ഇടുങ്ങിയ വഴിയെ ഏറെപ്പേരും ഉപേക്ഷിച്ചിരിക്കുന്നത് കർത്താവിന്റെ ഹൃദയത്തെ ഏത്രവേദനിപ്പിക്കുന്നുണ്ടാവാം!

ശിഷ്യത്വത്തിനു യേശുവച്ച വ്യവസ്ഥകളാണ് പലർക്കും ഈ വഴി ഞെരുക്കമുള്ളതാക്കുന്നത്. ലൂക്കോസിന്റെ സുവിശേഷം 14-ാം അധ്യായത്തിൽ 25 മുതൽ 35 വരെയുള്ള വാക്യങ്ങളിൽ ശിഷ്യനാകാൻ മൂന്നു കാര്യങ്ങൾ ഉപേക്ഷിക്കണമെന്ന് യേശു പറഞ്ഞു ('അങ്ങനെ ചെയ്യാത്തവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല' എന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെ വണ്ണം വളരെ വ്യക്തമായും മൂർച്ചയോടെയുമാണ് അവിടുന്നു പറഞ്ഞത്). അവ അക്കമിട്ട് ഓരോന്നായി ഇങ്ങനെ പറയാം. ഒന്ന്:'എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും പകെയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല?' രണ്ട്: 'നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളത്ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല'. മൂന്ന്:'സ്വന്തജീവനെയും കൂടെ പകെച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല' ലൂക്കോസ് 9:23 ൽ 'എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾ തോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ' എന്ന് ഈ മൂന്നാമത്തെ പോയിന്റ് യേശു കൂടുതൽ വിശദീകരിച്ചിട്ടുമുണ്ട്.

യേശു മുന്നോട്ടു വച്ച ശിഷ്യത്വത്തിന്റെ മൂന്നു വ്യവസ്ഥകളും തങ്ങളുടെ ജീവിതത്തിന്റെ സന്തോഷം കെടുത്തിക്കളയുമെന്ന ഭയമാണ് ശരാശരി വിശ്വാസിയെ ശിഷ്യത്വജീവിതത്തിനായുള്ള പൂർണ്ണ സമർപ്പണത്തിൽ നിന്നു പലപ്പോഴും പിന്നോട്ടു വലിക്കുന്നത്. എന്നാൽ വാസ്തവത്തിൽ ഒരു യഥാർത്ഥ ക്രിസ്തീയ ജീവിതം നൽകേണ്ട സന്തോഷവും സ്വാതന്ത്ര്യവും ഹനിച്ചു കളയുന്നത് ബന്ധുക്കളോട് കർത്താവിനെക്കാൾ കവിഞ്ഞ മമതാബന്ധം, വസ്തുവകകളോട് കർത്താവിനോടുള്ളതിനെക്കാൾ അടുപ്പം, സ്വയത്തെ ഒരു വിഗ്രഹമാക്കുന്ന അവസ്ഥ എന്നിവയാണ്. അതുകൊണ്ടു

*(ശേഷം പേജ് 39 ൽ)*

സന്ദേശം

# വാതിൽ ഇടുക്കവും വഴി ഞെരുക്കവും

സാക് പുന്നൻ

ഇന്ന് ഏറെ അവഗണിക്കപ്പെട്ടിരിക്കുന്ന ഒരു അതിപ്രധാനമായ ക്രിസ്തീയ ഉപദേശമാണു ശിഷ്യത്വത്തിന്റേത്.

ഇത് ഒരു ഉപദേശത്തിനപ്പുറത്ത് ഒരു ക്രിസ്ത്യാനി കടന്നുപോകേണ്ട ഒരു മാർഗ്ഗമാണ്. ശിഷ്യത്വത്തിന്റെ ഈ വഴി വിശാലമല്ല. മറിച്ച് ഇടുങ്ങിയതാണ്. ഈ ഇടുങ്ങിയ വഴിയെക്കുറിച്ചു കർത്താവായ യേശു തന്റെ പ്രസിദ്ധമായ ഗിരിപ്രഭാഷണത്തിൽ തന്നെ ഇങ്ങനെ പറഞ്ഞു:

"ഇടുക്കുവാതിലിലൂടെ അകത്തു കടപ്പിൻ. നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽക്കൂടി കടക്കുന്നവർ



*കള്ളപ്രവാചകന്മാർ ആടുകളുടെ വേഷം പൂണ്ടു നമ്മുടെ അടുക്കൽ വരുന്നു. അകമെയോ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാണെന്ന വസ്തുത നാം മറന്നുകളയരുത്.*

അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത്. അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ.

"കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു. അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം. മുള്ളുകളിൽ നിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽനിന്ന് അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്തഫലവും ആകാത്ത വൃക്ഷത്തിനു നല്ല ഫലവും കായ്പാൻ കഴികയില്ല. നല്ലഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടിതീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും" (മത്തായി 7:13-20).

മത്തായി 7-ലെ 13 മുതൽ 27 വരെയുള്ള വാക്യങ്ങൾ ഗിരിപ്രഭാഷണത്തിന്റെ സമാപനഭാഗമാണ്. ഈ അവസാനഭാഗത്തു താൻ അതേവരെ പഠിപ്പിച്ച കാര്യങ്ങൾക്കു സമുചിതമായ ഒരു ഉപസംഹാരമാണ് കർത്താവ് നൽകിയിരിക്കുന്നത്. മൂന്നു ചിത്രങ്ങൾ അഥവാ മൂന്നു താരതമ്യങ്ങൾ നമുക്ക് ഇവിടെ കാണാൻ കഴിയും. ഒന്നാമത്തേതു രണ്ടു വാതിലുകൾ തമ്മിലും രണ്ടു വഴികൾ തമ്മിലും ഉള്ള താരതമ്യമാണ്. വീതിയുള്ള ഒരു വാതിലും അതിന്റെ തുടർച്ചയായി വിശാലമായ ഒരു വഴിയും ഒരു ഭാഗത്ത്. ഇടുങ്ങിയ ഒരു വാതിലും ഞെരുക്കമുള്ള ഒരു വഴിയും മറുഭാഗത്ത്. ഇവയിൽ കൂടി സഞ്ചരിക്കുന്ന രണ്ടു വ്യത്യസ്തസമൂഹങ്ങളുടെ ചിത്രമാണ് ഒന്നാമത്തെ ചിത്രം. രണ്ടാമത്തേതു നല്ല വൃക്ഷവും ചീത്ത വൃക്ഷവും തമ്മിലുള്ള താരതമ്യമാണ്. മൂന്നാമത്തേതു പാറമേൽ വീടുപണിയുന്ന മനുഷ്യനും മണലിന്മേൽ പണിയുന്നവനും തമ്മിലുള്ള താരതമ്യമാണ്. ഗിരിപ്രഭാഷണത്തിൽ വിവരിച്ച ജീവിതപ്രമാണങ്ങളോടുള്ള ബന്ധത്തിൽ ഒന്നിനൊന്നെതിരായ ലക്ഷ്യങ്ങളിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന രണ്ടു കൂട്ടം ആളുകളെ നമുക്ക് ഈ ചിത്രങ്ങളിൽ കാണാൻ കഴിയും. ഇനി ഇവയിൽ ഓരോന്നിനെപ്പറ്റിയും വിശദമായി നമുക്കു ചിന്തിക്കാം.

13,14 എന്നീ വാക്യങ്ങളിൽ വിവരിക്കുന്ന രണ്ടുവാതിലുകളും രണ്ടു വഴികളും നോക്കുക: ആദ്യത്തേതു വീതിയുള്ള ഒരു വാതിലും അതിനോടു ചേർന്ന വിശാലമായ വഴിയുമാണ്. ഇവ നമ്മെ നാശത്തിലേക്കു നയിക്കുന്ന വാതിലും വഴിയും തന്നെ. വളരെ എളുപ്പമായും സുഖകരമായും തോന്നുന്ന ഈ വാതിലിൽക്കൂടി കടന്നു വിശാലമായ ഈ വഴിയിൽക്കൂടി സഞ്ചരിക്കുന്നവർ അസംഖ്യം പേരാണ്. ഈ ലോകത്തിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും സുഖകരമായ ഈ വഴിയിൽക്കൂടി സഞ്ചരിച്ച് ഒടുവിൽ നിത്യനാശത്തിൽചെന്നുചേരുന്നു. എന്നാൽ ജീവനിലേക്കു നയിക്കുന്ന വാതിലാകട്ടെ ഇടുക്കവും വഴി ഞെരുക്കവുമുള്ളതാണ്. ചുരുക്കം പേർ മാത്രമേ അതു കണ്ടെത്തുന്നുള്ളു. എന്താണിതിനർത്ഥം? കർത്താവായ യേശുക്രിസ്തു ഈ ഗിരിപ്രഭാഷണത്തിലൂടെ നമുക്കു കാണിച്ചുതരുന്ന ജീവിതമാർഗ്ഗത്തെയും സ്വർഗ്ഗരാജ്യത്തെയും സംബന്ധിച്ചു

ചിന്തിക്കുമ്പോൾ അതിന്റെ വിജയം നാം കണക്കാക്കേണ്ടത് സംഖ്യയുടെ അടിസ്ഥാനത്തിലല്ല. ആ വിധത്തിൽ കണക്കാക്കുവാൻ നാം ആഗ്രഹിക്കുന്ന പക്ഷം കുറെ പേരെക്കൂടി ഈ വഴിയിലേക്ക് ആകർഷിക്കുവാനായി നാം അതിനെ അല്പം കൂടി വിശാലമാക്കുവാൻ ശ്രമിച്ചെന്നുവരാം. ഇന്ന് ഒട്ടധികം സുവിശേഷപ്രവർത്തകരും ഇപ്രകാരമാണു പ്രവർത്തിക്കുന്നത്. ആളുകളെ ക്രിസ്തുവിന്റെ ശിഷ്യന്മാരാക്കുവാൻ അവർ ശ്രമിക്കുന്നില്ല. നേരേ മറിച്ച് "നിങ്ങൾ ക്രിസ്തുവിനെ വിശ്വസിക്കുക മാത്രം ചെയ്ക. കർത്താവേ, എന്റെ ഹൃദയത്തിലേക്കു വരേണമേ എന്നു പ്രാർത്ഥിച്ചാൽ മാത്രം മതി. നിങ്ങൾ സ്വർഗ്ഗരാജ്യത്തിനു അവകാശികളായിത്തീരും'' എന്നാണ് അവർപഠിപ്പിക്കുന്നത്. മത്തായി 28: 18-20 വാക്യങ്ങളിലുള്ള ക്രിസ്തുവിന്റെ അന്ത്യശാസനത്തിൽ "ആകയാൽ നിങ്ങൾ പുറപ്പെട്ടു... സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" എന്നാണ് കർത്താവു കൽപ്പിച്ചിട്ടുള്ളത്. മർക്കോസ് 16:15-ൽ "നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" എന്നു കർത്താവു കൽപ്പിച്ചതായി നാം വായിക്കുന്നു. ഇപ്രകാരം സുവിശേഷം പ്രസംഗിക്കുന്നതിന്റെ ലക്ഷ്യം എന്താണ്? മറ്റൊന്നുമല്ല, സകല ജാതികളെയും ശിഷ്യരാക്കുക എന്നതാണ് ആ ലക്ഷ്യം എന്ന സത്യം ഇക്കൂട്ടർ മറന്നു കളയുന്നു.

ശിഷ്യത്വത്തിലേക്കുള്ള വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതാണ്. കാരണം ലൂക്കോസ് 14:26-ൽ "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടി പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല'' എന്ന് കർത്താവ് വ്യക്തമാക്കുന്നു. ക്രിസ്തുവിനുവേണ്ടി സകല മാനുഷികബന്ധങ്ങളെയും പകയ്ക്കുന്നവനു മാത്രമേ അവിടുത്തെ ശിഷ്യനാകുവാൻ കഴിയൂ. തുടർന്ന് 27-ാം വാക്യത്തിൽ "തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല" എന്നും 33-ാം വാക്യത്തിൽ "നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല" എന്നും കർത്താവു പഠിപ്പിക്കുന്നു. തന്നെ

> എല്ലാ സ്നേഹബന്ധങ്ങളെയും ക്രിസ്തുവിനുവേണ്ടി ത്യജിക്കുവാൻ ഒരുക്കമുള്ളവനു മാത്രമേ കർത്താവിന്റെ ശിഷ്യനാകുവാൻ സാധിക്കൂ. ഈ ഇടുക്കമുള്ള വഴിയിൽക്കൂടെയാണോ നാം സഞ്ചരിക്കുന്നത്? അതോ സുഗമമായ ഒരു തരം വിശ്വാസമാർഗ്ഗത്തിലൂടെയോ? "കർത്താവേ, എന്റെ ഹൃദയത്തിലേക്കു വരേണമേ" എന്നു പറയുന്നതുകൊണ്ടു മാത്രം സ്വർഗ്ഗം പ്രാപിക്കാമെന്നു വിശ്വസിക്കുന്ന വിശാല മാർഗ്ഗമാണോ നാം തിരഞ്ഞെടുത്തിട്ടുള്ളത്?

നല്ല വൃക്ഷത്തിനു മാത്രമേ നല്ല ഫലം കായ്പാൻ കഴിയുകയുള്ളു. ചീത്തവൃക്ഷം ചീത്ത ഫലം മാത്രമേ തരൂ. ആദാമിൽ നിന്നു നമുക്കു പാരമ്പര്യമായി ലഭിച്ചിട്ടുള്ള സ്വഭാവം ഒരു ചീത്ത വൃക്ഷമാണ്. ആ ചീത്ത വൃക്ഷത്തിന് ഒരിക്കലും നല്ല ഫലം കായ്പാൻ കഴിയുകയില്ല. യേശുക്രിസ്തുവിന്റെ സ്വഭാവത്തെ അനുകരിക്കുവാൻ ശ്രമിക്കുന്ന പലരെയും നാം കാണുന്നുണ്ട്. ഇതു ചില നല്ല ഫലങ്ങൾ കൊണ്ടുവന്ന് ഒരു ചീത്തവൃക്ഷത്തിൽ കെട്ടിത്തൂക്കുവാൻ ശ്രമിക്കുന്നതു പോലെയാണ്. വഞ്ചനാത്മകമായ ഒരു മാർഗ്ഗമാണിത്.

ത്താൻ ത്യജിച്ച്, സകലത്തെയും വിട്ടുപിരിഞ്ഞു ക്രിസ്തുവിന്നായി ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കാത്തവന്, തന്റെ ജീവിതത്തിന്റെമേൽ കർത്താവിന്റെ സർവ്വാധിപത്യം അംഗീകരിക്കാത്തവന്, ഒരിക്കലും ക്രിസ്തുവിന്റെ ശിഷ്യനായിത്തീരുവാൻ സാധ്യമല്ല.

കർത്താവിന്റെ അടുക്കൽ വന്ന ധനികനായ യുവാവിനെ നാം ഓർക്കുമല്ലോ. 'നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രന്മാർക്കു കൊടുത്തശേഷം വന്ന് എന്നെ അനുഗമിക്ക' എന്നാണ് കർത്താവ് അയാളോടു പറഞ്ഞത്. എല്ലാം ഉപേക്ഷിക്കുവാൻ. എല്ലാ സ്നേഹബന്ധങ്ങളെയും ക്രിസ്തുവിനുവേണ്ടി ത്യജിക്കുവാൻ സകല സമ്പത്തിനെയും കർത്താവിന് അടിയറ വയ്ക്കുവാൻ ഒരുക്കമുള്ളവനു മാത്രമേ കർത്താവിന്റെ ശിഷ്യനാകുവാൻ സാധിക്കൂ. ഈ ഇടുക്കമുള്ള വഴിയിൽക്കൂടെയാണോ നാം സഞ്ചരിക്കുന്നത്? അതോ സുഗമമായ ഒരുതരം വിശ്വാസമാർഗ്ഗത്തിലൂടെയോ? "കർത്താവേ, എന്റെ ഹൃദയത്തിലേക്കു വരേണമേ" എന്നു പറയുന്നതുകൊണ്ടുമാത്രം സ്വർഗ്ഗം പ്രാപിക്കാമെന്നു വിശ്വസിക്കുന്ന വിശാല മാർഗ്ഗമാണോ നാം തിരഞ്ഞെടുത്തിട്ടുള്ളത്? എങ്കിൽ അതു നാശത്തിലേക്കു നയിക്കുന്ന വഴിയാണെന്നു മനസ്സിലാക്കി ശിഷ്യത്വത്തിന്റെ ഇടുങ്ങിയ വഴിയിലേക്ക് ഇപ്പോൾ തന്നെ മടങ്ങിവരുവാൻ നമുക്കു തീരുമാനിക്കാം.

ഈ രണ്ടു വഴികളെപ്പറ്റി സംസാരിച്ചശേഷം കർത്താവ് കള്ളപ്രവാചകന്മാരെപ്പറ്റിയാണു പറയുന്നത്. ഈ പ്രത്യേക സന്ദർഭത്തിൽ അതിന്റെ അർത്ഥം ഇടുക്കമുള്ള വഴിയെ വിശാലമാക്കിത്തീർക്കുന്ന കള്ളപ്രവാചകന്മാർ എന്നാണ്. കൂടുതൽ ആളുകളെ ഈ വഴിയിലേക്ക് ആകർഷിക്കുവാൻ വേണ്ടിയാണ് ഇവർ ഇപ്രകാരം ചെയ്യുന്നത്. ഇത്തരം കള്ളപ്രവാചകന്മാരാൽ ധാരാളം പേർ വഞ്ചിതരായിത്തീരുന്നുണ്ട്. അവർ ശിഷ്യത്വത്തിന്റെ വഴി എളുപ്പമുള്ളതാക്കിത്തീർക്കുവാൻ ശ്രമിക്കുന്നു. 'ശിഷ്യന്മാരാക്കുവാൻ വേണ്ടി നിങ്ങൾ അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും ഒന്നും ഉപേക്ഷിക്കേണ്ട ആവശ്യമില്ല. എല്ലാ സമ്പത്തുകളെയും നിങ്ങൾ പരിത്യജിക്കുകയും വേണ്ട" എന്നാണു വചനവിരുദ്ധമായവിധം അവർ പഠിപ്പിക്കുന്നത്. "നിങ്ങൾ വിശ്വസിച്ചാൽ മാത്രം മതി. ക്രിസ്തുവിനെ ഹൃദയത്തിൽ കൈക്കൊണ്ടാൽ മാത്രം മതി. സകലവും ക്രിസ്തുവിന് അടിയറവയ്ക്കുന്ന സമ്പൂർണ്ണസമർപ്പണം

ശിഷ്യത്വത്തിനാവശ്യമില്ല" എന്നു പഠിപ്പിക്കുന്ന ഈ കള്ളപ്രവാചകന്മാർ ആടുകളുടെ വേഷം പൂണ്ടു നമ്മുടെ അടുക്കൽ വരുന്നു. ശരിയായ ഉപദേശം. പ്രവചനവരം, രോഗശാന്തിവരം തുടങ്ങിയവയെല്ലാമാണ് ഈ ആട്ടിൻവേഷം. എന്നാൽ അകമെയോ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാണെന്ന വസ്തുത നാം മറന്നുകളയരുത്.

സ്വന്തം വിശപ്പു ശമിപ്പിക്കുവാൻ അടുത്തുവരുന്ന ചെന്നായ്ക്കളെപ്പോലെ തങ്ങളുടെ സ്വന്ത താല്പര്യങ്ങൾ സാധിക്കുവാൻ വേണ്ടി കപടവേഷം പൂണ്ടു സഞ്ചരിക്കുന്ന ഈ കള്ളപ്രവാചകന്മാരിൽ മൂന്നു സവിശേഷതകൾ നമുക്കു കാണുവാൻ കഴിയും.

1. ലൈംഗികമായ അധാർമ്മികത്വം

2. പണക്കൊതി അഥവാ ഭൗതികമായ ലാഭേച്ഛ

3. ക്രിസ്തീയ വൃത്തങ്ങളിൽ മാനവും പദവിയും ലഭിക്കുവാനുള്ള ആഗ്രഹം.

ഇവരാൽ വഞ്ചിതരാകാതിരിക്കുവാൻ നാം എന്തു ചെയ്യണം? ഈ കാര്യം വ്യക്തമാക്കുവാനാണു നല്ലതും ചീത്തയുമായ വൃക്ഷങ്ങളെപ്പറ്റി കർത്താവു പഠിപ്പിക്കുന്നത്. ഇവരുടെ ഫലങ്ങൾ നോക്കിയാണ് ഇവരെ തിരിച്ചറിയുവാൻ നമുക്കു സാധിക്കുന്നത്. ഫലങ്ങളെപ്പറ്റിയുള്ള ഈ പരാമർശം 16,20 എന്നീ വാക്യങ്ങളിൽ കർത്താവ് ആവർത്തിച്ച് പറയുന്നുണ്ട്. നല്ല വൃക്ഷത്തിനു മാത്രമേ നല്ല ഫലം കായ്പാൻ കഴിയുകയുള്ളു. ചീത്തവൃക്ഷം ചീത്ത ഫലം മാത്രമേ തരൂ. ആദാമിൽ നിന്നു നമുക്കു പാരമ്പര്യമായി ലഭിച്ചിട്ടുള്ള സ്വഭാവം ഒരു ചീത്ത വൃക്ഷമാണ്. ആ ചീത്ത വൃക്ഷത്തിന് ഒരിക്കലും നല്ല ഫലം കായ്പാൻ കഴിയുകയില്ല. യേശുക്രിസ്തുവിന്റെ സ്വഭാവത്തെ അനുകരിക്കുവാൻ ശ്രമിക്കുന്ന പലരെയും നാം കാണുന്നുണ്ട്. അക്രൈസ്തവർ പോലും ക്രിസ്തുവിന്റെ മഹനീയവും ദിവ്യവുമായ സ്വഭാവത്തെപ്പറ്റി മനസ്സിലാക്കിയിട്ടു തങ്ങളുടെ ജീവിതത്തിൽ അതു പ്രാവർത്തികമാക്കുവാൻ ശ്രമിക്കുന്നു. ഇതു ചില നല്ല ഫലങ്ങൾ കൊണ്ടുവന്ന് ഒരു ചീത്തവൃക്ഷത്തിൽ കെട്ടിത്തൂക്കുവാൻ ശ്രമിക്കുന്നതുപോലെയാണ്. വഞ്ചനാത്മകമായ ഒരു മാർഗ്ഗമാണിത്. നേരെമറിച്ച് യഥാർത്ഥമായിത്തന്നെ നല്ല ഫലം പുറപ്പെടുവിക്കണമെങ്കിൽ നമ്മുടെ സ്വഭാവം തന്നെ ക്രിസ്തുവിൽ വെളിപ്പെട്ട ദിവ്യസ്വഭാവമായി മാറിയേമതിയാവൂ. ഇത്തരമൊരു ജീവിതപരിവർത്തനം നമുക്കു കൃത്രിമമായി സൃഷ്ടിപ്പാൻ കഴിയുകയില്ല. ദൈവത്തിൽനിന്നുള്ള പുതുജനനം പ്രാപിച്ചു പരിശുദ്ധത്മാവു നമ്മുടെ ഹൃദയത്തിൽ പ്രവർത്തിക്കുന്നതിന്റെ ഫലമായി മാത്രമേ നമ്മുടെ ആദാമ്യസ്വഭാവം മരിക്കുകയും ക്രിസ്തുവിന്റെ ആത്മാവും ക്രിസ്തുവിന്റെ സ്വഭാവവും നമ്മിൽ ഉരുവാകുകയും ചെയ്യുകയുള്ളു.

ഒരു ധനികനായ പ്രമാണി വന്ന് യേശുവിനെ "നല്ല ഗുരോ' എന്നു സംബോധന ചെയ്തപ്പോൾ കർത്താവ് അയാളോട് "എന്നെ നല്ലവൻ എന്നു വിളിക്കുന്നതെന്ത്? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല" എന്നു പറഞ്ഞു. ദൈവത്തിന്റെ സ്വഭാവം മാത്രമാണു നല്ലത്. അതാണു നല്ല വൃക്ഷം. അതു നമ്മിൽ വളർന്നു വന്നാൽ അപ്പോൾ നമുക്ക് ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കും.

(തുടരും)

ധ്യാനചിന്തകൾ

# താഴ്മയുടെ താഴ്‌വരയിൽ സത്യസന്ധതയുടെ പൂക്കൾ

ദീർഘനാളുകൾക്കു ശേഷം സ്വന്തം നാട്ടിൽ തിരിച്ചെത്തിയ ദമ്പതികൾ, പള്ളിയിലെ സെമിത്തേരിയിൽ തങ്ങളുടെ ബന്ധുവിന്റെ കല്ലറ കണ്ടെത്താനുള്ള ശ്രമത്തിലായിരുന്നു. അവർ ഓരോ കല്ലറയിലും അതിൽ രേഖപ്പെടുത്തിയിട്ടുള്ള പേരുവിവരങ്ങൾ നോക്കും. അതല്ലെന്നു കണ്ട് അടുത്ത കല്ലറയിലേക്കു നീങ്ങും. നേരം കടന്നു പോകുന്നു. ഒടുവിൽ അവർ രണ്ടുപേരും സെമിത്തേരിയുടെ രണ്ടു ഭാഗങ്ങളിലൂടെ നടന്നു നോക്കാൻ തുടങ്ങി. പെട്ടെന്ന് സ്ത്രീ പരിഭ്രാന്തയായി ഭർത്താവിന്റെ അടുത്തു ചെന്നു പറഞ്ഞു: 'നോക്കു, ഇവിടെ ഒരൊറ്റ കല്ലറയിൽ രണ്ടുപേരെ അടക്കിയിരിക്കുന്നു.' ഭർത്താവുചെന്നു നോക്കുമ്പോൾ കല്ലറയിലെ ഫലകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.-'ശ്രീമാൻ തോമസ്, ഒരു രാഷ്ട്രീയക്കാരനും ഒരു സത്യസന്ധനായ മനുഷ്യനും.'

ഒരു രാഷ്ട്രീയക്കാരനും ഒരു സത്യസന്ധനും- രണ്ടുപേരാണെന്നു കരുതിയ ഈ തമാശക്കഥയിലെ സ്ത്രീയ സമകാലിക രാഷ്ട്രീയം ശ്രദ്ധിക്കുന്ന പലരും കുറ്റപ്പെടുത്തുമെന്നു തോന്നുന്നില്ല. ഒരാൾക്ക് ഒരേ സമയം സത്യസന്ധനും രാഷ്ട്രീയക്കാരനുമായിരിക്കാൻ കഴിയും എന്നു വിശ്വസിക്കാത്തവരുടെ എണ്ണം നാട്ടിൽ കൂടിവരുന്നു!

എന്നാൽ ഏതു തൊഴിലിൽ ഏർപ്പെട്ടാലും അവിടെ സത്യസന്ധനായിരിക്കാൻ കഴിയുകയില്ലേ? കഴിയും. രാഷ്ട്രീയം പോലെ തന്നെ സത്യസന്ധതയില്ലായ്മയുടെ പേരിൽ നിരന്തരം ആളുകളുടെ വിമർശനത്തിനു ശരവ്യമാകുന്ന തൊഴിലാണല്ലോ അഭിഭാഷകവൃത്തി. എന്നാൽ അറിയപ്പെടുന്ന അഭിഭാഷകനായിരിക്കുമ്പോഴും സത്യസന്ധതയിൽ ഒരു വിട്ടുവീഴ്ചയും വരുത്താത്ത ആളായിരുന്നു ഏബ്രഹാം ലിങ്കൺ. ഒരിക്കൽ ഒരു സ്ത്രീക്കും കുട്ടികൾക്കുമെതിരെ അറുനൂറു ഡോളർ വസൂലാക്കി കിട്ടുവാനുള്ള കേസുമായി ഒരാൾ ലിങ്കണെ സമീപിച്ചു. ലിങ്കൺ കേസ് വിശദമായി പഠിച്ചു. എന്നിട്ടു കക്ഷിയോടു പറഞ്ഞു:'ഈ കേസ് എനിക്കു സ്വീകരിക്കാൻ കഴിയുകയില്ല'. ഉടനെ കക്ഷി ചോദിച്ചു: 'എന്തുകൊണ്ടു കഴിയുകയില്ല? കേസിൽ ജയിക്കാൻ കഴിയുമെന്നു നിങ്ങൾ കരുതുന്നില്ലേ?'

ലിങ്കണിന്റെ വിശദമായ മറുപടി ഇങ്ങനെയായിരുന്നു: 'കേസൊക്കെ ജയിക്കാൻ കഴിയും. എന്നാൽ നിയമപരമായി എനിക്കൊരു കേസ് ജയിച്ചാൽ പോരാ. സത്യസന്ധതയുടെ മുൻപിലും എനിക്കു ജയിക്കണം. അങ്ങനെയല്ലാത്ത കേസുകൾ ഞാൻ സ്വീകരിക്കുകയില്ല.'

'സത്യസന്ധതയാണ് ഏറ്റവും നല്ല നയം' എന്നൊരു ചൊല്ലുണ്ട്.

ശരിയാണ്. നിങ്ങൾ എപ്പോഴും സത്യമാണു പറയുന്നതെങ്കിൽ അതു വലിയ സ്വാതന്ത്ര്യം നൽകും. നിങ്ങൾ നേരത്തെ എന്താണു പറഞ്ഞതെന്ന് ഓർത്തു വയ്ക്കേണ്ട കാര്യമില്ല. ഉദാഹരണത്തിന് വില്പന രംഗത്തു പണിയെടുക്കുന്ന ചെറുപ്പക്കാരനോട് മേലധികാരി ജോലിസമയത്ത് മൊബൈലിൽ ചോദിക്കുന്നു: 'രാജേഷ്, നീ ഇപ്പോൾ എവിടെയാണ്?' ചെറുപ്പക്കാരൻ തീയേറ്ററിലിരുന്നു സിനിമ കാണുകയാണ്. എന്നാൽ ആ സത്യം പറയാതെ അവൻ മൊബൈൽ ഫോൺ നൽകുന്ന സ്വാതന്ത്യത്തിൽ ഇങ്ങനെ പറയുകയാണെന്നിരിക്കട്ടെ 'സർ, ഞാനിവിടെ ഒരു ക്ലൈയിന്റിന്റെ വീട്ടിലിരുന്നു നമ്മുടെ പ്രൊഡക്ടിനെക്കുറിച്ചു സംസാരിക്കുകയാണ്. മിക്കവാറും ഒരു സാധ്യതയുണ്ട് സർ.' മേലധികാരി തൃപ്തനായി. തന്റെ സാമർത്ഥ്യമോർത്തു ഗൂഢമായി ചിരിച്ചശേഷം രക്ഷപ്പെട്ടെന്നു ചെറുപ്പക്കാരൻ ആശ്വസിക്കുന്നു. എന്നാൽ സത്യത്തിൽ അതോടെ അവൻ ഒരു കുരുക്കിൽ പെടുകയാണ്. പിന്നീട് എപ്പോൾ മേലധികാരി ചോദിച്ചാലും ഈ തീയതിയിൽ ഈ സമയത്തു താൻ നേരത്തെ പറഞ്ഞ സ്ഥലത്തായിരുന്നുന്നെന്നു കൃത്യമായി പറഞ്ഞില്ലെങ്കിൽ കള്ളിപൊളിയും. കള്ളം പറയുന്നവൻ സത്യത്തിൽ ഒരു കെണിയിൽ കുടുങ്ങുകയാണ്. അവൻ നേരത്തെ പറഞ്ഞ കള്ളം ഓർത്തിരിക്കാൻ ബാധ്യസ്ഥനാണ്. മാത്രമല്ല, കൃത്യമായി ഓർത്തു കള്ളം ആവർത്തിച്ചാലും പലനാൾ കള്ളൻ ഒരു നാൾ പിടിക്കപ്പെടുകയില്ലേ? ഇതേ സമയം, സത്യം പറഞ്ഞാൽ തൽക്കാലം അല്പം ബുദ്ധിമുട്ടുനേരിട്ടാലും അതു കഴിയുമ്പോൾ അവൻ സ്വതന്ത്രനാണ്. അവനു പ്രത്യേകിച്ചൊന്നും ഓർത്തിരിക്കേണ്ടതില്ലല്ലോ. ഭാവിയെക്കുറിച്ചുള്ള ഭാരവുമില്ല. ഇനി പറയൂ, 'സത്യസന്ധതയല്ലേ ഏറ്റവും നല്ല നയം?'

ഭയമാണ് സത്യസന്ധതയില്ലാതെ പെരുമാറാൻ പലരേയും പ്രേരിപ്പിക്കുന്നത്. ഇപ്പോഴുള്ള സൗകര്യങ്ങൾ നഷ്ടമാകുമോ, സമൂഹത്തിലെ നിലയും വിലയും പോകുമോ എന്നിങ്ങനെയുള്ള ഭയങ്ങളുടെ മുൻപിൽ അവർ വേഗം സത്യസന്ധതയില്ലാത്ത നിലപാടുകളെയും കള്ളങ്ങളെയും കൂട്ടുപിടിക്കുന്നു. റോമൻ ഗവർണർ പീലാത്തോസ് ഇത്തരം ഒരു ഭീരുവായിരുന്നു. യേശുവിനെ വിസ്തരിക്കുന്ന സമയത്ത് വധശിക്ഷ വിധിക്കേണ്ട കുറ്റമൊന്നും അവൻ ചെയ്തിട്ടില്ലെന്നു പീലാത്തോസിനു വേഗത്തിൽ വ്യക്തമായി. അവനെ വിട്ടയയ്ക്കാനും പീലാത്തോസ് തയ്യാറായിരുന്നു. എന്നാൽ മഹാപുരോഹിതനും സമൂഹത്തിലെ ഉന്നതരും 'അവനെ ക്രൂശിക്കണം' എന്നാവശ്യപ്പെട്ടപ്പോൾ പീലാത്തോസ് പരുങ്ങി. ഇവരെ പിണക്കുന്നതെങ്ങനെ? നീതിയും ന്യായവും മാത്രം കണക്കിലെടുത്ത് ഒരു തീരുമാനം എടുത്താൽ യെഹൂദാപ്രമുഖർ പിണങ്ങും. അവർ തനിക്കെതിരെ പരാതിയുമായി കൈസറെ സമീപിച്ചെന്നുവരും. അദ്ദേഹം യെഹൂദരെ പ്രീതിപ്പെടുത്താനായി തന്നെ ഗവർണർ സ്ഥാനത്തുനിന്നു പിരിച്ചുവിട്ടെന്നും വരാം. ഇതെല്ലാം ഓർത്തു ഭീരുവായിപ്പോയ പീലാത്തോസ് ചരിത്രത്തിലെ ഏറ്റവും ജുഗുപ്സാവഹമായ വിധിപ്രഖ്യാപനം നടത്തി. 'ഞാനിവനിൽ ഒരു കുറ്റവും കാണുന്നില്ലെന്നു' പറഞ്ഞ് വെള്ളം

> സത്യത്തെ സംബന്ധിച്ച മറ്റൊരു വസ്തുത താഴ്മയുള്ള ഒരുവനു മാത്രമേ യഥാർത്ഥത്തിൽ സത്യസന്ധനായിരിക്കാൻ കഴിയൂ എന്നതാണ്. താഴ്മ എന്നാൽ എന്താണ്? താൻ എന്താണോ അതിൽ തൃപ്തനായിരിക്കുന്ന അവസ്ഥയാണത്. അതുകൊണ്ടു തന്നെ താഴ്മയുള്ളവന് മറ്റൊന്നെങ്കിലും കയ്യടക്കാനായി അഭിനയിക്കേണ്ട കാര്യമില്ല. കാപട്യവും അഭിനയവും മുഖംമൂടിയും അവനുവേണ്ട. താൻ എന്താണോ അതാണ് അവൻ. ഒട്ടും കൂടുതലുമില്ല, കുറവുമില്ല. അകവും പുറവും ഒരുപോലെ.

എടുത്തു കൈകഴുകിയശേഷം യേശുവിനെ ക്രൂശിക്കാനായി അവർക്കു വിട്ടുകൊടുത്തു. തന്റെ ഗവർണർസ്ഥാനം നഷ്ടമാകുമെന്ന പേടിയാണ് സത്യസന്ധമല്ലാത്ത നിലപാടു സ്വീകരിക്കാൻ പീലാത്തോസിനെ പ്രേരിപ്പിച്ചത്. നിരപരാധിയെ വധശിക്ഷയ്ക്കു വിട്ടുകൊടുത്തിട്ടാണെങ്കിലും സ്വന്തം സിംഹാസനം സംരക്ഷിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ ചരിത്രം പറയുന്നത് ഈ സംഭവത്തിനുശേഷം അധികം വൈകാതെ മറ്റേതോ കാരണത്താൽ റോമൻ ഭരണനേതൃത്വത്തിന് പീലാത്തോസിനോട് അപ്രീതി തോന്നുകയും അദ്ദേഹത്തെ ഗവർണർ സ്ഥാനത്തുനിന്നു പിരിച്ചുവിടുകയും ചെയ്തുവെന്നാണ്. നോക്കുക: അസത്യത്തിനു മേൽ പണിയപ്പെടുന്ന ഒരു സിംഹാസനത്തിനും നിലനിൽപ്പില്ല.

പീലാത്തോസിന് സത്യസന്ധത സംബന്ധിച്ചു പരീക്ഷയുണ്ടായേക്കാം എന്നറിയാവുന്നതുകൊണ്ടാകാം തന്റെ വിസ്താരസമയത്ത് യേശു ഇങ്ങനെ പറഞ്ഞു: 'ഞാൻ സത്യത്തിനു സാക്ഷ്യം വഹിപ്പാൻ വന്നിരിക്കുന്നു!' എന്നാൽ ഈ സൂചന ഉൾക്കൊണ്ടു യാഥാർത്ഥ്യം മനസ്സിലാക്കി വരാൻപോകുന്ന പരീക്ഷയെ അതിജീവിക്കാൻ പീലാത്തോസിനു കഴിഞ്ഞില്ല. പകരം 'സത്യമോ, എന്താണു സത്യം?' എന്ന് അലക്ഷ്യമായി ചോദിച്ചു പീലാത്തോസ് അവസരം നഷ്ടമാക്കിക്കളഞ്ഞു. പീലാത്തോസിനെ സംബന്ധിച്ചു തന്റെ നിലനില്പിനു സഹായകമായതെന്തോ അതായിരുന്നു ആ സമയത്തു സത്യം! സത്യം ഒരുവനെ (ഭയത്തിൽ നിന്നുൾപ്പെടെ) സ്വതന്ത്രനാക്കും എന്ന് യേശുമറ്റൊരിക്കൽ പറഞ്ഞത് (യോഹന്നാൻ 8:32) അനുഭവിച്ചറിയാനുള്ള സാധ്യതയാണ് അവൻ നഷ്ടമാക്കിക്കളഞ്ഞത്!

സത്യത്തെ സംബന്ധിച്ച മറ്റൊരു വസ്തുത താഴ്മയുള്ള ഒരുവനുമാത്രമേ യഥാർത്ഥത്തിൽ സത്യസന്ധനായിരിക്കാൻ കഴിയൂ എന്നതാണ്. താഴ്മ എന്നാൽ എന്താണ്? താൻ എന്താണോ അതിൽ തൃപ്തനായിരിക്കുന്ന അവസ്ഥയാണത്. അതുകൊണ്ടുതന്നെ താഴ്മയുള്ളവന് മറ്റെന്തെങ്കിലും കയ്യടക്കാനായി അഭിനയിക്കേണ്ട കാര്യമില്ല. കാപട്യവും അഭിനയവും മുഖംമൂടിയും അവനുവേണ്ട. താൻ എന്താണോ അതാണ് അവൻ. ഒട്ടും കൂടുതലുമില്ല, കുറവുമില്ല. അകവും പുറവും ഒരുപോലെ. ഇത്തരം താഴ്മയുള്ള ഒരുവനുമാത്രമേ യഥാർത്ഥത്തിൽ സത്യസന്ധനായിരിക്കാനാകൂ. കാരണം സത്യസന്ധനും സംരക്ഷിക്കാൻ ഒരു ഇമേജില്ല. അതുകൊണ്ടു തന്നെ അവനും

വചനദീപം

### വിശുദ്ധജീവിതം–23

# വിശ്വസ്തനായ വേലക്കാരനെ വീണ്ടും ഉപയോഗിക്കുന്ന കർത്താവ്

സാമുവൽലോഗൻ ബ്രെങ്കിൾ

"*അപ്പോൾ അവൻ ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു പ്രാകുവാനും ആണയിടുവാനും തുടങ്ങി. ഉടനെ കോഴി കൂകി.*" (മത്തായി 26 : 74)

"യേശു ശിമോൻ പത്രോസിനോട് : യോഹന്നാന്റെ മകനായ ശിമോനെ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. ...... കർത്താവേ, നീ സകലവും അറിയുന്നു. എനിക്കു നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു എന്ന് അവനോടു പറഞ്ഞു. യേശു അവനോട്: എന്റെ ആടുകളെ മേയ്ക്ക" (യോഹ. 21: 15-17). യേശുക്രിസ്തുവിനുവേണ്ടി ജീവൻ വയ്ക്കേണ്ടതായിവന്നാലും അവനെ തള്ളിപ്പറയുകയില്ല എന്നു മറ്റുള്ള ശിഷ്യന്മാരുടെ മുൻപിൽവച്ച് പത്രോസ് സാക്ഷ്യം പറഞ്ഞതാണ്. എന്നാൽ



അവനെ ശത്രുക്കൾ പിടിക്കുമെന്നുള്ള സംശയമുണ്ടായപ്പോൾ അവൻ യേശുവിനെ തള്ളിപ്പറ

കാപട്യങ്ങളും അഭിനയവും മുഖംമൂടിയും ആവശ്യമില്ല. ആളുകളോട് ഉള്ള കാര്യങ്ങൾ തുറന്നു പറയാം. തീർത്തും സത്യസന്ധനായിരിക്കാം. നോക്കുക: യഥാർത്ഥ താഴ്മയുടെ താഴ്വരയിൽ മാത്രമേ സത്യസന്ധതയുടെ പൂക്കൾക്കു വിടരാനാകൂ.

യേശു ഒരിക്കൽ പറഞ്ഞു:'ഞാൻ താഴ്മയുള്ളവനാകയാൽ... എന്നിൽ നിന്നും പഠിപ്പിൻ... എങ്കിൽ നിങ്ങൾ ആശ്വാസം കണ്ടെത്തും' (മത്തായി 11:29)

അതേ, യഥാർത്ഥ താഴ്മ സത്യസന്ധതയിലേക്കു നയിക്കും. ആ സത്യസന്ധത മാത്രമേ ഒരുവന് ആത്യന്തികമായി സ്വാതന്ത്ര്യവും ആശ്വാസവും നൽകുകയുള്ളു. താഴ്മയുടെയും സത്യസന്ധതയുടെയും ഈ പാഠങ്ങൾ തന്നിൽ നിന്നു പഠിക്കാനാണ് യേശു എല്ലാവരെയും ക്ഷണിക്കുന്നത്.

❖

ഞ്ഞു. അവന്റെ പ്രതിഷ്ഠയും യേശു ക്രിസ്തുവിനോടുള്ള അവന്റെ സ്നേഹവും പരിശോധനയുടെ മുൻപിൽ പറന്നുപോയി. കോഴി കൂകിയപ്പോൾ യേശു അവനെ തിരിഞ്ഞുനോക്കി. പത്രോസ് തന്റെ തോൽവിയെ ഓർത്ത് അതിദുഃഖത്തോടുകൂടെ കരഞ്ഞു. ക്രിസ്തുവിനോടുള്ള തന്റെ സ്നേഹം അവന്റെ ദുഃഖത്തെ ആഴമുള്ളതാക്കിത്തീർത്തു. അവന്റെ മനസ്സാക്ഷി അവനെ പീഡിപ്പിച്ചു. ശത്രു അവനെ കുറ്റം ചുമത്തി. തുടർന്നുള്ള ദിവസങ്ങളിൽ ശത്രു അവനെ തുടർച്ചയായി അലട്ടിക്കൊണ്ടിരുന്നു എന്നു ഞാൻ ചിന്തിക്കുന്നു. ഒരു ജയജീവിതം അസാദ്ധ്യമാണെന്നും അതിനാൽ ഈ വഴിവിട്ടു പിൻതിരിയുന്നതാണു നല്ലതെന്നും ഉള്ള ചിന്ത അവനിൽ തുടർന്ന് ഉണ്ടായിക്കൊണ്ടിരുന്നു എന്നുള്ളതിനു സംശയമില്ല. തോൽവിയാലുള്ള നിരാശ അവനെ അധികം താഴ്ത്തി. യേശുക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നതിനു തനിക്കു ലഭിച്ച അവസരം നഷ്ടമായിപ്പോയല്ലോ എന്നോർത്ത് അവൻ അധികമായി ചിന്താകുലപ്പെട്ടു. അവൻ വാസ്തവമായി യേശുവിനെ സ്നേഹിച്ചതാണ്. എന്നാൽ പരീക്ഷയുടെ മുൻപിൽ നില്പാൻ അവനു കഴിഞ്ഞില്ല. അവന്റെ തോൽവിയേയും അവിശ്വസ്തതയേയും വകവയ്ക്കാതെ യേശുക്രിസ്തു അവനെ വീണ്ടും തന്റെ സാക്ഷിയായി ഉപയോഗിച്ചു. യേശുക്രിസ്തുവിനെ സ്നേഹിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്ത ഒരുകൂട്ടം ആളുകൾ ഉണ്ടായിരുന്നു. അവരിൽ പലരും ഭീരുക്കളും ബലഹീന വിശ്വാസികളും ആയിരുന്നു. അവരെ ഉറപ്പിക്കുന്ന വേലയത്രെ കർത്താവു പത്രോസിനെ ഏൽപിച്ചത്. പത്രോസ് യേശുക്രിസ്തുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു. പത്രോസ് അവനെ സ്നേഹിക്കുന്നു എന്ന് ഉറപ്പിച്ചു മൂന്നുപ്രാവശ്യം പറയുവാനുള്ള സന്ദർഭം കർത്താവ് അവനു നല്കി. തന്റെ ആടുകളെ മേയ്ക്കുന്ന ശുശ്രൂഷയത്രെ അവനെ ഭരമേല്പ്പിച്ചത്.

യേശുക്രിസ്തുവിനെ അനുഗമിക്കുന്നവരിൽ ഇക്കാലത്തു പത്രോസിനെപ്പോലെയുള്ള അനേകരുണ്ട്. 'ദൈവത്തിന്റെ പരിശുദ്ധാത്മാവു എന്തുപറഞ്ഞാലും അനുസരിക്കാമെന്നു'അവർ വാക്കുപറഞ്ഞവരാണ്. അവനുവേണ്ടി എന്തുചെയ്യുന്നതിനും തയാറാണെന്നും അവർ പറഞ്ഞിട്ടുണ്ട്. പരമാർത്ഥഹൃദയത്തോടുകൂടിയുള്ള ഉടമ്പടിയാണ് അവർ ചെയ്തിട്ടുള്ളത്. എന്നാൽ പരിശോധനയുടെ സന്ദർഭത്തിൽ അവർക്കു നില്ക്കാൻ കഴിഞ്ഞില്ല. തങ്ങളുടെ വാക്കുകൾ കൊണ്ടും പ്രവൃത്തികൾകൊണ്ടും അവർ അവനെ തള്ളിപ്പറഞ്ഞു.

എന്റെ ജീവിതത്തിൽ ഇപ്രകാരമുള്ള ഒരു അനുഭവം ഞാൻ ഓർക്കുന്നുണ്ട്. ഞാൻ ദൈവത്തിന്റെ കല്പനയെ ലംഘിച്ചതല്ല. എന്നാൽ ദൈവത്തിന്റെ ആത്മാവു എന്നോട് ആവശ്യപ്പെട്ട ഒരു കാര്യം ഞാൻ ചെയ്തില്ല. സമ്പൂർണ്ണ പ്രതിഷ്ഠയുടെയും വിശുദ്ധീകരണത്തിന്റെയും അനുഭവത്തിൽ ഞാൻ വന്നതിന്റെ ശേഷമാണ് ഇപ്രകാരമുള്ള ഒരു അനുഭവം എനിക്കുണ്ടായത്. ഒരു പ്രത്യേക കാര്യം ചെയ്യുന്നതിനു ദൈവത്തിന്റെ ആത്മാവ് എനിക്കു പ്രേരണ നല്കി. ഞാൻ അനുസരിക്കുമെങ്കിൽ ദൈവം സ്വർഗ്ഗം തുറന്ന് എന്റെ മേൽ

അനുഗ്രഹങ്ങൾ വർഷിപ്പിക്കുമെന്നും അനുസരിക്കാതെയിരുന്നാൽ ദൈവകൃപ എനിക്കു നഷ്ടപ്പെടുമെന്നും എന്റെ ഹൃദയത്തോടു ദൈവം സംസാരിച്ചുകൊണ്ടിരുന്നു. ഞാൻ മത്സരിച്ച് അനുസരിക്കാതെയിരുന്നതല്ല. എന്നാൽ അനുസരിക്കുവാൻ എനിക്ക് കഴിവുണ്ടായിരുന്നില്ല. ഞാൻ ഏറ്റവും വിനയപ്പെട്ടു. കണ്ണുനീരോടു കൂടെ ഞാൻ ദൈവത്തോട് എന്റെ പാപത്തെ ഏറ്റു പറഞ്ഞു. ദൈവത്തോടു വിശ്വസ്തനായിരുന്നുകൊള്ളാമെന്ന് ഉടമ്പടി ചെയ്തു. ദൈവം എനിക്കു തന്ന അവസരത്തെ ഞാൻ നഷ്ടപ്പെടുത്തി എന്നും, അപ്രകാരമുള്ള വേറെ ഒരു സന്ദർഭം എനിക്കു വീണ്ടും ഉണ്ടാകുകയില്ല എന്നും ഞാൻ ചിന്തിക്കുവാൻ തുടങ്ങി. ദൈവം എന്നോടു പറഞ്ഞതു ഞാൻ ചെയ്യാമെന്നു ദൈവത്തോടു പറഞ്ഞു. അത് ഒരു പ്രാവശ്യം ചെയ്യുന്നതിനു പകരം പല പ്രാവശ്യം ചെയ്തു. എങ്കിലും എനിക്ക് ആത്മിക അനുഗ്രഹങ്ങൾ ഒന്നും ലഭിച്ചില്ല. സാത്താന് എന്നെ കുറ്റം ചുമത്തുവാനും എന്നോടു പോരാടുവാനുമുള്ള നല്ല സന്ദർഭമായിരുന്നു ഇത്. ഞാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിനു വിരോധമുള്ള പാപം ചെയ്തു എന്നും ഞാൻ നഷ്ടപ്പെട്ടവനായിത്തീർന്നു എന്നും ഞാൻ വിചാരിച്ചു. എന്റെ വിശ്വാസത്തിന്റെ പരിച ഞാൻ എറിഞ്ഞുകളഞ്ഞു. യേശുക്രിസ്തുവിന് എന്നോടുള്ള സ്നേഹത്തെക്കുറിച്ച് ഞാൻ സംശയിക്കുവാൻ തുടങ്ങി. ഇരുപത്തിയെട്ടു ദിവസങ്ങൾ ഞാൻ നരകവേദന അനുഭവിച്ചു എന്നു പറയാം. ഞാൻ പ്രാർത്ഥിച്ചു. എന്നാൽ സ്വർഗ്ഗം അടയപ്പെട്ടതുപോലെ തോന്നി. വേദപുസ്തകം വായിച്ചാൽ

> യേശുക്രിസ്തുവിനെ അനുഗമിക്കുന്നവരിൽ ഇക്കാലത്തു പത്രോസിനെപ്പോലെയുള്ള അനേകരുണ്ട്. 'ദൈവത്തിന്റെ പരിശുദ്ധാത്മാവു എന്തുപറഞ്ഞാലും അനുസരിക്കാമെന്നു'അവർ വാക്കുപറഞ്ഞവരാണ്. അവനുവേണ്ടി എന്തു ചെയ്യുന്നതിനും തയാറാണെന്നും അവർ പറഞ്ഞിട്ടുണ്ട്. പരമാർത്ഥഹൃദയത്തോടു കൂടിയുള്ള ഉടമ്പടിയാണ് അവർ ചെയ്തിട്ടുള്ളത്. എന്നാൽ പരിശോധനയുടെ സന്ദർഭത്തിൽ അവർക്കു നില്ക്കാൻ കഴിഞ്ഞില്ല.

അതിലെ വാഗ്ദത്തങ്ങൾ എനിക്കു പിടിച്ചെടുക്കുവാൻ കഴിവില്ലാതെയായി. രാത്രി ആകുമ്പോൾ പ്രഭാതത്തിനുവേണ്ടിയും പ്രഭാതത്തിൽ രാത്രിക്കുവേണ്ടിയും ഞാൻ കാത്തിരിക്കുമായിരുന്നു. ഞാൻ യോഗങ്ങളിൽ സംബന്ധിച്ചാൽ ഒരു അനുഗ്രഹവും പ്രാപിപ്പാൻ കഴിവില്ലാതെയായി. ദൈവത്തിന്റെ കോപവും ശാപവും എന്നെ വേട്ടയാടുന്നു എന്നു ഞാൻ വിചാരിച്ചു. എന്നാൽ ദൈവം സ്നേഹം തന്നെയാണ് എന്നുള്ള സത്യം എനിക്കറിയാം.

പാപം ചെയ്യുന്നതിനും ദൈവത്തെ തള്ളിപ്പറഞ്ഞ് ഉപേക്ഷിക്കുന്നതിനും സാത്താൻ എന്നെ പരീക്ഷിച്ചു. എന്നാൽ സാത്താനോട് എതിർത്തുനില്ക്കാൻ ദൈവം എനിക്കു കൃപ നല്കി. ഞാൻ നരകത്തിൽ പോയാലും യേശുക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചു

എന്നെ ഭയപ്പെടുത്തുന്നതും എന്റെ സമാധാനത്തെ ഇല്ലാതാക്കുന്നതുമായ ചിന്തകൾ സമാധാനത്തിന്റെ പ്രഭുവായ കർത്താവിൽനിന്നല്ല എന്ന് അവൻ എന്നോടു സംസാരിച്ചു. അതു സാത്താൻ എന്നിൽ തന്നെ ചിന്തകളാണ് എന്നു എന്നെ മനസ്സിലാക്കി. ദൈവം തരുന്ന ചിന്തകൾ സമാധാനത്തിന്റെ ചിന്തകളും എന്റെ നന്മയെക്കുറിച്ചുള്ളതുമാണ് എന്നു ദൈവവചനത്തിൽ നിന്ന് എന്നെ പഠിപ്പിച്ചു. സാത്താനാണ് എന്നെ വഞ്ചിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കി.

സാക്ഷിക്കുമെന്നും അവനെ അനുസരിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നതിനു മറ്റുള്ളവരെ ഉപദേശിക്കുമെന്നും ഞാൻ സാത്താനോടു പറഞ്ഞു. എങ്കിലും ഞാൻ ഏറ്റവും അധികം നിരാശയിലായി. എബ്രായർ 6, 10 ഈ അദ്ധ്യായങ്ങളിലുള്ള സത്യങ്ങൾ എന്നെ ഏറ്റവും ഭീതിപ്പെടുത്തി. ഞാൻ എന്നേക്കുമായി തള്ളപ്പെട്ടു എന്നു ഞാൻ വിചാരിച്ചു.

എന്നാൽ ഈ നാശകരമായ കുഴിയിൽനിന്നു ദൈവം എന്നെ പിടിച്ചു കയറ്റി. എന്നെ ഭയപ്പെടുത്തുന്നതും എന്റെ സമാധാനത്തെ ഇല്ലാതാക്കുന്നതുമായ ചിന്തകൾ സമാധാനത്തിന്റെ പ്രഭുവായ കർത്താവിൽനിന്നല്ല എന്ന് അവൻ എന്നോടു സംസാരിച്ചു. അതു സാത്താൻ എന്നിൽ തന്നെ ചിന്തകളാണ് എന്നു എന്നെ മനസ്സിലാക്കി. ദൈവം തരുന്ന ചിന്തകൾ സമാധാനത്തിന്റെ ചിന്തകളും എന്റെ നന്മയെക്കുറിച്ചുള്ളതുമാണ് എന്നു ദൈവവചനത്തിൽ നിന്ന് എന്നെ പഠിപ്പിച്ചു. "നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി" വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവയെന്നു ഞാൻ അറിയുന്നു അവ തിന്മയല്ല നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്". (യിര. 29:11). സാത്താനാണ് എന്നെ വഞ്ചിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കി. ഇതു സാത്താന്റെ വഞ്ചനയാണെന്നു ഞാൻ മനസ്സിലാക്കിയ സന്ദർഭത്തിൽതന്നെ അവന്റെ പോരാട്ടത്തിന്റെ ശക്തി കുറയുവാൻ തുടങ്ങി. ദൈവം വീണ്ടും എന്നെ അനുഗ്രഹിക്കുകയും ഉപയോഗിക്കുകയും ചെയ്യാൻ തുടങ്ങി. തുടർന്നു ഞാൻ നടത്തിയ ആദ്യത്തെ യോഗത്തിൽ അൻപത് ആളുകൾ പുതുതായി പ്രതിഷ്ഠിച്ചു. കർത്താവു പത്രോസിനോട് ചോദിച്ചതുപോലെ എന്നോടും "നീ എന്നെ സ്നേഹിക്കുന്നുവോ" എന്നു ചോദിച്ചു. ഏറ്റവും വിനയത്തോടും ശുദ്ധീകരണത്തിനായി അവന്റെ രക്തത്തെ അഭയം പ്രാപിച്ചുകൊണ്ടും "ഉവ്വ്" കർത്താവേ, നീ സകലവും അറിയുന്നുവല്ലോ എന്നും, എനിക്കു നിന്നോടു പ്രിയമുണ്ട് എന്നു നീ അറിയുന്നു" എന്നും ഞാൻ അവനോടു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ മേയ്ക്കു എന്നു വീണ്ടും അവൻ എന്നോടു പറഞ്ഞു. ദൈവജനം യേശുക്രിസ്തുവിനെ വിശ്വസിക്കുകയും, സ്നേഹിക്കുകയും, അനുസരിക്കുകയും ചെയ്യത്തക്കവണ്ണം ഞാൻ ജീവിക്കുകയും പ്രവർത്തിക്കുകയും ഉപദേശിക്കുകയും ചെയ്‌വാൻ ഞാൻ എന്നെ

ത്തന്നെ വീണ്ടും പ്രതിഷ്ഠിച്ചു. ദൈവജനത്തിന്റെ അനുഗ്രഹത്തിനും ആശ്വാസത്തിനും വേണ്ടി ഞാൻ പ്രവർത്തിക്കേണ്ടതാണ് എന്നു ഞാൻ മനസ്സിലാക്കി.

ഞാൻ നഷ്ടപ്പെടുത്തിയ അവസരത്തെ ദൈവം എനിക്കു തിരികെ തന്നു. അപ്രകാരം അവൻ നിനക്കും ചെയ്യും. ഒരു പക്ഷേ ചെറിയ കാര്യങ്ങൾ ചെയ്യാനായിരിക്കും അവൻ നിന്നെ നിയോഗിക്കുന്നത്. ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്തു ദൈവത്തോടു കൂടെയുള്ള സംസർഗ്ഗത്തിൽ ജീവിക്കുക. നിന്റെ വാക്കുകൾ മറ്റുള്ളവർക്ക് അനുഗ്രഹകരമാക്കിത്തീർത്തു തരേണമേ എന്നു പ്രാർത്ഥിക്കുക. നിരാശപ്പെട്ടിരിക്കുന്നവരെ ധൈര്യപ്പെടുത്തുന്നതും, ബലഹീനരെ ശക്തീകരിക്കുന്നതും, ജ്ഞാനമില്ലാത്തവരെ ബുദ്ധി ഉപദേശിക്കുന്നതും, തെറ്റിപ്പോകുന്നവരെ ഗുണദോഷിക്കുന്നതും, അന്ധകാരത്തിലിരിക്കുന്നവർക്ക് പ്രകാശം നല്കുന്നതും, പാപം ചെയ്യുന്നവരെ ശാസിക്കുന്നതുമായ വാക്കുകൾ നിനക്ക് നല്കപ്പെടേണ്ടതിനുവേണ്ടി പ്രാർത്ഥിക്കുക.

'എന്റെ കുഞ്ഞാടുകളെ മേയ്ക്കു' എന്നു മാത്രമല്ല. 'എന്റെ ആടുകളെ പാലിക്കുക' എന്നും കർത്താവ് പത്രോസിനോടു പറഞ്ഞു. പാപികളെ രക്ഷയിലേക്ക് നടത്തുന്ന വേല മാത്രമല്ല. രക്ഷിക്കപ്പെട്ടവരെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ നടത്തുന്നതിനുള്ള ഉത്തരവാദിത്തവും നമുക്കുണ്ട്. രക്ഷിക്കപ്പെട്ട ഓരോരുത്തരും വിശുദ്ധീകരണത്തിന്റെ അനുഭവത്തിൽ നടത്തപ്പെടേണ്ടതാണ്. മിസ്രയിമിലേക്ക് തിരിഞ്ഞുപോകരുത് എന്നു വീണ്ടെടുക്കപ്പെട്ട ഓരോരുത്തരേയും നാം പഠിപ്പിക്കേണ്ടതാണ്. വാഗ്ദത്തദേശത്തുള്ള മല്ലന്മാരെ കണ്ട് ഭയപ്പെടുകയോ, ആ ദേശത്തുള്ള അന്യജാതിക്കാരുമായി ഏതെങ്കിലും ബന്ധത്തിൽ ഏർപ്പെടുകയോ ചെയ്യരുത് എന്നും അവരെ പഠിപ്പിക്കേണ്ടതത്രേ. ദൈവജനം വിശുദ്ധജനമാണ്. അവർ നന്മ ചെയ്യുന്നതിൽ മടുത്തുപോകുകയോ, കർത്താവ് അവരെ ശാസിച്ചും ശിക്ഷിച്ചും നടത്തുമ്പോൾ തളർന്നു പോകുകയോ ചെയ്യരുത്. ഉണർന്നിരുന്ന് പ്രാർത്ഥിക്കുകയും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്കയും എപ്പോഴും സന്തോഷിക്കുകയും ചെയ്യണമെന്ന് അവർ അറിയേണ്ടതാണ്.

ബലവാന്മാരായവർക്ക് കട്ടിയായ ആഹാരം കൊടുത്തു നടത്തേണ്ടതാണ്. ബലവാന്മാരെ പാല് കൊടുത്തു പോഷിപ്പിക്കാൻ ശ്രമി

> **യേശുക്രിസ്തുവിനെ സ്നേഹിക്കുമ്പോൾ അവന്റെ ആടുകളെ പാലിക്കുവാൻ നമുക്ക് കഴിയും. യേശുക്രിസ്തുവിനെ വിശ്വാസിക്ക് വെളിപ്പെടുത്തിക്കൊടുക്കുക. അവനോടു ചേർന്നു നടക്കുകയും അവന്റെ ശബ്ദം കേൾക്കുകയും ചെയ്ക. നീ അവിശ്വസ്തനായിത്തീർന്നിട്ടുണ്ടെങ്കിൽ അധൈര്യപ്പെടേണ്ട. അവനുവേണ്ടി വേല ചെയ്യാൻ അവൻ വേറെ ഒരു അവസരം നിനക്കു തരും.**

**ചിന്തയ്ക്ക്**

*(കഴിഞ്ഞ ലക്കം തുടർച്ച)*

# പ്രാർത്ഥനയ്ക്കുള്ള തടസ്സങ്ങളെ എങ്ങനെ മാറ്റാം?

**3. ഹൃദയത്തിലെ സ്നേഹമില്ലായ്മ**

ഇത് പ്രാർത്ഥനയ്ക്കുള്ള ഏറ്റവും വലിയ തടസ്സമാകാൻ സാദ്ധ്യതയുണ്ട്. വിശ്വസിക്കുന്ന പ്രാർത്ഥനയുടെ ഒരു വ്യവസ്ഥ സ്നേഹിക്കുന്ന മനസ്സാണ്. നമുക്ക് ദൈവത്തോട് ശരിയായിരിക്കുകയും മനുഷ്യനോട് തെറ്റായിരിക്കുകയും ചെയ്യാൻ സാധിക്കയില്ല. പ്രാർത്ഥനയുടെ മനസ്സ് സ്നേഹത്തിന്റെ മനസ്സ് ആയിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രാർത്ഥനയിലെ വെറും സ്നേഹമാണ് പക്ഷവാദം.

“ഏറ്റവും നന്നായി സ്നേഹിച്ചിടുന്നവൻ
ഏറ്റവും നന്നായി പ്രാർത്ഥിച്ചിടുന്നു
വലുതും ചെറുതുമാം സർവ്വം ചമച്ചവൻ
അവയെ സ്നേഹിച്ചിടുന്നു.
നമ്മെ സൃഷ്ടിച്ചമഹാദൈവമവൻ നമ്മെയും സ്നേഹിച്ചിടുന്നു.”

ദൈവം സ്നേഹിക്കുന്നവരെ ഇഷ്ടപ്പെടാതിരിക്കാനോ വെറുക്കാനോ നമുക്കു ധൈര്യമുണ്ടോ? നാം അതു ചെയ്താൽ ക്രിസ്തുവിന്റെ ആത്മാവിനെ വാസ്തവമായി കൈവശമാക്കാൻ നമുക്കു കഴിയുമോ? പ്രാർത്ഥന വെറുമൊരു ചടങ്ങിനെക്കാൾ ഉപരിയായ എന്തെങ്കിലും ആയിരക്കണമെങ്കിൽ നാം നമ്മുടെ

---

ച്ചാൽ അവർ ബലഹീനരായിത്തീരും. കെട്ടുകഥകളും ഫലിതങ്ങളും കൊണ്ട് വിശ്വാസികളെ ബലഹീനരാക്കരുത്. ദൈവവചനത്തിലെ ആഴമായ സത്യങ്ങളെ അവരെ പഠിപ്പിക്കുക. ദൈവത്തിന്റെ നിത്യസ്നേഹത്തെയും, മാറ്റമില്ലാത്ത വിശ്വസ്തതയെയും, വിശ്വാസികളുടെമേലുള്ള തന്റെ സ്നേഹത്തെയും കരുതലിനെയും കുറിച്ചു പഠിപ്പിക്കുക. പാപികളോടുള്ള തന്റെ സ്നേഹത്തേയും, ബലഹീനരുടെ മേലുള്ള സഹതാപത്തെയും, നീതിമാന്മാർക്കായുള്ള കരുതലിനെയും കുറിച്ചും ഉപദേശിക്കേണ്ടതാണ്.

യേശുക്രിസ്തുവിനെ സ്നേഹിക്കുമ്പോൾ അവന്റെ ആടുകളെ പാലിക്കുവാൻ നമുക്ക് കഴിയും. യേശുക്രിസ്തുവിനെ വിശ്വാസിക്ക് വെളിപ്പെടുത്തിക്കൊടുക്കുക. അവനോടു ചേർന്നു നടക്കുകയും അവന്റെ ശബ്ദം കേൾക്കുകയും ചെയ്ക. നീ അവിശ്വസ്തനായിത്തീർന്നിട്ടുണ്ടെങ്കിൽ അധൈര്യപ്പെടേണ്ട. അവനു വേണ്ടി വേല ചെയ്യാൻ അവൻ വേറെ ഒരു അവസരം നിനക്കു തരും.

വിശ്വാസത്തിന്റെ ഈ ബാലപാഠങ്ങളെ വാസ്തവമായി അഭിമുഖീകരിച്ചേ തീരു. "നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായിത്തീരേണ്ടതിനു തന്നെ'' (മത്താ 5:44,45) എന്ന് നമ്മുടെ കർത്താവ് പറയുകമാത്രമല്ല ചെയ്യുന്നത്.

നാമധേയ ക്രിസ്തീയ സമൂഹം ഒരിക്കലും ഈ പ്രശ്നത്തെ അഭിമുഖീകരിച്ചിട്ടില്ല എന്നു തോന്നുന്നു. എത്രയോ ക്രിസ്തീയ പ്രവർത്തകർ- പ്രമുഖർപോലും - തങ്ങൾക്കു താല്പര്യമില്ലാത്തവരെക്കുറിച്ചു പറയുന്നത് കേൾക്കുമ്പോൾ, അവർ ഒരിക്കലും നമ്മുടെ കർത്താവിന്റെ ആകല്പന കേട്ടിട്ടില്ലാ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു!

ലോകത്തിലെ നമ്മുടെ അനുദിന ജീവിതമാണ് പ്രാർത്ഥനയിലുള്ള നമ്മുടെ ശക്തിയുടെ ഏറ്റവും നല്ല സൂചന. ദൈവം എന്റെ പ്രാർത്ഥനകളോട് പ്രതികരിക്കുന്നത് പരസ്യമായോ രഹസ്യമായോ ഞാൻ പ്രാർത്ഥിക്കുമ്പോൾ പ്രദർശിപ്പിക്കുന്ന ആവേശത്തിന്റെയോ ഒച്ചയുടേയോ അടിസ്ഥാനത്തിലല്ല; മറിച്ച്, എന്റെ അനുദിനജീവിതത്തിൽ ഞാൻ പുലർത്തുന്ന ആദർശത്തിന്റെ അടിസ്ഥാനത്തിലാണ്.

ധൃതഗതിക്കാരായ ആളുകൾക്ക് ചടങ്ങായുള്ള പ്രർത്ഥനകൾ ചെയ്യാൻമാത്രമേ സാധിക്കയുള്ളൂ. നാം നമ്മുടെ കർത്താവിന്റെ കല്പനകൾ അനുസരിക്കയും അന്യോന്യം സ്നേഹിക്കുകയും ചെയ്യുന്നില്ലെങ്കിൽ നമ്മുടെ പ്രാർത്ഥനകൾ തീർത്തും വിലയില്ലാത്തതാണ്. നാം ക്ഷമിക്കാത്ത ആത്മാവിനെയാണ് കുടിപാർപ്പിച്ചിരിക്കുന്നതെങ്കിൽ, പ്രാർത്ഥിക്കുന്ന സമയം മിക്കവാറും പാഴായതുതന്നെ. ക്രിസ്തു നമ്മെ പഠിപ്പിച്ചത് "ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളോടും ക്ഷമിക്കണമേ" എന്നു പ്രാർത്ഥിക്കാനാണ്. അവൻ പറയുന്നു, "നിങ്ങൾ മനുഷ്യരുടെ പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല'' (മത്താ. 6:15). നമുക്ക് എപ്പോഴും ക്രിസ്തുവിന്റെ മനസ്സ് വെളിപ്പെടുത്തുകയും നമുക്കധികമായി ആവശ്യമായ ക്ഷമ നഷ്ടപ്പെടുത്താതിരിക്കയും ചെയ്യാം. തങ്ങളുടെ ശത്രുക്കളോടോ വ്രണപ്പെടുത്തിയ സുഹൃത്തുക്കളോടോ അണുവിട ക്ഷമിക്കാൻ മനസ്സില്ലാത്തവരായ ഞങ്ങളുടെ എത്രയോ വായനക്കാർ കർത്താവു പഠിപ്പിച്ച പ്രാർത്ഥന ഇന്നും ഉരുവിട്ടിട്ടുണ്ട്!

അനേക ക്രിസ്ത്യാനികളും പ്രാർത്ഥനയ്ക്ക് ഒരിക്കലും തൃപ്തികരമായ അവസരം ഒരുക്കിക്കൊടുത്തിട്ടില്ല. ഇത് മനഃപൂർവ്വമായ സത്യസന്ധതയില്ലായ്മ മൂലമല്ല, ചിന്താശൂന്യത മൂലമാണ്. വാസ്തവത്തിൽ ഇതിന്റെ പഴി വഹിക്കേണ്ടത് പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ്. പ്രവൃത്തികളെക്കാൾ ഉപദേശങ്ങൾ പഠിപ്പിക്കുന്നത് പലരുടേയും പ്രവണതയല്ലേ? അധികം പേരും ശരിയായതു ചെയ്യുവാൻ ആഗ്രഹിക്കുന്നു. എന്നാലവൻ സ്നേഹത്തിന്റെ ജീവിതത്തിലെ ചെറിയ വീഴ്ചകളെക്കാൾ വലിയ കാര്യങ്ങളെ ശ്രദ്ധിക്കുന്നു.

സഹോദരന് നമ്മുടെ "നേരെ വല്ലതും ഉണ്ടെന്ന്" ഓർമ്മവന്നാൽ (മത്താ. 5:23) നമ്മുടെ നേർച്ച കാഴ്ചകൾപോലും ദൈവത്തിന് അർപ്പിക്കേണ്ടതില്ല എന്നു പറയത്തക്കവണ്ണം നമ്മുടെ കർത്താവു മുമ്പോട്ടു

പോകുന്നു. നമ്മുടെ സമ്മാനങ്ങൾ അവിടുന്നു സ്വീകരിക്കുകയില്ലെങ്കിൽ അവിടുന്നു നമ്മുടെ പ്രാർത്ഥന കൾക്ക് ഉത്തരമരുളാൻ സാദ്ധ്യത യുണ്ടോ?

ഇയ്യോബ് തന്റെ ശത്രുക്കളോട് (ബൈബിൾ അവരെ സ്നേഹിതർ' എന്നു പറയുന്നു) പ്രതിവാദം പറയു ന്നത് നിറുത്തിയപ്പോഴാണ് കർത്താവ് അവന്റെ സ്ഥിതിക്കു ഭേദം വരുത്തിയതും എല്ലാം മുമ്പുണ്ടായി രുന്നതിന്റെ ഇരട്ടിയായി നല്കിയ തും(ഇയ്യോബ് 42:10).

നമ്മുടെ ജീവിതത്തിൽ സ്നേഹ മില്ലായ്മ നമ്മുടെ പ്രാർത്ഥനകളെ തടസ്സപ്പെടുത്തുന്നു എന്നു ഗ്രഹിക്കു വാൻ നാം എത്ര വിമുഖരാണ്! സ്നേഹക്കമ്പികൾ കൂട്ടിയിണക്കുന്ന പ്രവൃത്തി ചെയ്യുന്നതിനും നാം വളരെ വിമുഖരല്ലേ? ആളുകളെ നേടാൻ നാം ആഗ്രഹിക്കുന്നുവെന്നു ള്ളത് ശരിയാണ്. നമ്മുടെ കർത്താവ് അതിനുള്ള ഏക വഴി കാണിക്കുന്നു. അവന്റെ കുറവുകൾ പുറത്തു പര സ്യപ്പെടുത്താതെ അവനോടു മാത്ര മായി സംസാരിക്കുക. "എന്നാൽ നീ നിന്റെ സഹോദരനെ നേടി" (മത്താ. 18:15). നമ്മിലധികം പേരും നമ്മുടെ സഹോദരന്മാരെ വേദനിപ്പിച്ചിട്ടേ യുള്ളൂ!

കുടുംബജീവിതം പോലും പ്രാർത്ഥനാജീവിതത്തിന് തടസ്സമാ കാം. വീട്ടിൽ നാം ഏതു നിലയിൽ ജീവിക്കേണ്ടിയിരിക്കുന്നു എന്നതി നെക്കുറിച്ച് പത്രോസ് പറയുന്നത് നോക്കുക "പ്രാർത്ഥനയ്ക്ക് മുടക്കം വരാതിരിക്കേണ്ടതിന്" (1 പത്രോ. 3:1 –10). ആരോടെങ്കിലും എന്തെങ്കിലും "കൈപ്പുള്ള വേര്" ഉണ്ടോ എന്നു കാണിച്ചുതരുവാൻ ഒരുപ്രാവശ്യം കൂടെ എന്റെ ഹൃദയത്തെ ശോധന ചെയ്യണമേ എന്ന് ദൈവത്തോടപേ ക്ഷിക്കുക. ദൈവത്തിന് പ്രസാദമു ള്ളതു ചെയ്യുവാനാണ് നാമെല്ലാം ആഗ്രഹിക്കുന്നത്. പിണങ്ങിപ്പിരി ഞ്ഞിരിക്കുന്നവരും നാമും തമ്മിൽ സമാധാനവും സ്വരചേർച്ചയും ഉണ്ടാ കുവാൻ നമ്മുടെ കഴിവിനനുസരിച്ച് ചെയ്യാവുന്നതെല്ലാം ചെയ്യുന്നതു വരെ ഇനി പ്രാർത്ഥിക്കാൻ ഒരുമ്പെ ടുകയില്ല എന്നൊരു പ്രതിജ്ഞ നാം ചെയ്യുമെങ്കിൽ അത് നമ്മുടെ ആത്മീയ ജീവിതത്തിന് അളവി ല്ലാത്ത നേട്ടമാകുമായിരുന്നു. എന്നാൽ നമ്മുടെ ശക്തിയിലാശ്ര യിച്ച് നാം ഇതു ചെയ്യുന്നിടത്തോളം നമ്മുടെ പ്രാർത്ഥനകൾ ഉച്ഛ്വാസവാ യുവിനു തുല്യം മാത്രമാണ്. മറ്റൊ രാളോടുള്ള ദയയില്ലാത്ത മനോഭാവം ദൈവം അഗ്രഹിക്കുന്ന വഴിയിൽ മുന്നോട്ടുപോകാൻ നമ്മെ സഹായി ക്കുന്നതിൽനിന്ന് ദൈവത്തെ തടയു ന്നു.

വിശ്വസിക്കാവുന്ന പ്രാർത്ഥന യുടെ അത്യന്താപേക്ഷിതമായ ഒരു വ്യവസ്ഥ സ്നേഹമുള്ള ജീവിതമാ ണ്. തന്റെ പരമസമൃദ്ധമായ അനു ഗ്രഹങ്ങൾ സ്വീകരിക്കത്തക്കയോഗ്യ തയുള്ള മനുഷ്യരായിത്തീരുവാൻ ഇന്നു നമ്മെ ദൈവം വീണ്ടും വെല്ലു വിളിക്കുകയാണ്. കൈപ്പുള്ള, ക്ഷമ യറ്റ മനസ്സിനെ തിരഞ്ഞെടുക്കുമോ അതോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ആർദ്രകരു ണയും മനസ്സലിവും തിരഞ്ഞെടു ക്കുമോ എന്ന് നാം തീരുമാനിക്ക ണം. ഏതൊരു മനുഷ്യനും തുലാ സിന്റെ മുമ്പിൽ തിരഞ്ഞെടുപ്പിനുള്ള ഈ രണ്ട് കാര്യങ്ങളുമായി പകച്ചു നില്ക്കാൻ കഴിയും എന്നുള്ളത് ആശ്ചര്യമല്ലേ? വിദ്വേഷമുള്ളവനു മറ്റാരെക്കാളുമധികം ദോഷം ചെയ്യു

സഹോദരിമാരോട്

### അമ്മമാർക്കൊരു പ്രോത്സാഹനം
### അദ്ധ്യായം 3

# ഭർത്താക്കന്മാരോടുള്ള ഐകമത്യം

**ആനി പുന്നൻ**

എന്റെ ഭർത്താവുമായി ഐകമത്യപ്പെടേണ്ടതിന്റെ പ്രാധാന്യമാണ് എന്റെ വിവാഹജീവിതത്തിൽ ഞാൻ കണ്ടെത്തിയ രണ്ടാമത്തെ സത്യം. പിതാവും പുത്രനും ഒന്നായിരുന്നുവെന്ന് കാണിക്കുന്ന അനേകം വാക്യങ്ങൾ യോഹന്നാന്റെ സുവിശേഷത്തിൽ നമുക്ക് കാണാൻ കഴിയും.

യോഹന്നാൻ 17-ന്റെ 21-ൽ പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായിരിക്കണമെന്ന് യേശു നമ്മോടു പറയുന്നതു ശ്രദ്ധിക്കുക.

വിവാഹ ജീവിതത്തിൽ ഇത് പ്രയോഗത്തിൽ വരുത്തണമെങ്കിൽ ഭർത്താവുമായി ഭാര്യയ്ക്ക് ഒരു സുദൃഢമായ ഐക്യം ഉണ്ടായിരിക്കണം. അനേക കുടുംബങ്ങളുടെ ഐക്യതയെ സാത്താൻ തകർത്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പല കുടുംബങ്ങളും വേർപിരിയുന്നു. അതിനാൽ നാം വളരെ ജാഗ്രതയോടിരിക്കണം.

അനേകം ഭാര്യമാർ ഇന്നും അവ

*(ശേഷം പേജ് 29 ൽ)*

---

ന്നത് തന്റെ വിദ്വേഷം തന്നെയാണ്. "നിങ്ങൾ പ്രാർത്ഥിപ്പാൻ നില്ക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെ ക്ഷമിക്കേണ്ടതിന് നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിപ്പിൻ" (മർക്കോസ് 11:25) എന്നാണ് വാഴ്ത്തപ്പെട്ട യജമാനൻ പറഞ്ഞത്. എങ്കിൽ നാം ഒന്നുകിൽ ക്ഷമിക്കുകയും അല്ലെങ്കിൽ പ്രാർത്ഥിക്കാൻ ശ്രമിക്കുന്നതു നിറുത്തുകയുമല്ലേ ചെയ്യേണ്ടത്? "ഒരു മനുഷ്യൻ സർവ്വനേരവും പ്രാർത്ഥിക്കുന്നതായുള്ള അംഗീകാരം നേടുകയും, യഥാർത്ഥ പ്രാർത്ഥനയെ തടയുന്ന പകയെ ഹൃദയത്തിൽ പാർപ്പിക്കുകയും ചെയ്താൽ അവന് എന്തു പ്രയോജനം?'' ഈ സത്യം നാം ഗ്രഹിക്കാത്തതിനാൽ സാത്താൻ നമ്മെ നോക്കി എത്രമാത്രം ചിരിക്കുന്നു!

(തുടരും)

**Kneeling Christian**



*ബൈബിളിലൂടെ........*

## തീത്തോസ്

# അല്പകാര്യങ്ങളിലെ വിശ്വസ്തത

**ഞാൻ** പ്രവർത്തിക്കുന്നതാണ് പ്രസംഗിക്കുന്നത്. 1968-ൽ ഞാൻ ഒരു വൈദ്യശാസ്ത്ര ബിരുദധാരിണിയെയാണ് വിവാഹം കഴിച്ചത്. വിദ്യാർത്ഥികളുടെയും ഗ്രാമവാസികളുടെയും ഇടയിലാണ് അന്നു ഞാൻ പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഞങ്ങളുടെ വിവാഹ ജീവിതം ആരംഭിച്ച വേളയിൽ ഞാൻ സാമ്പത്തികമായി വളരെ ഞെരുക്കത്തിലായിരുന്നു. ആദ്യത്തെ കുഞ്ഞിനെ ദൈവം തന്ന അന്ന് എന്റെ ഭാര്യ ആശുപത്രിയിലെ ജോലി അവസാനിപ്പിച്ചു. ദൈവം ഞങ്ങൾക്ക് നാല് ആൺമക്കളെ തന്നു. എന്റെ ഭാര്യ അവരെ ദൈവഭയത്തിൽ വളർത്തുന്നതിന് തന്റെ ദിവസങ്ങൾ ചെലവഴിച്ചു. ഞങ്ങളുടെ ആദ്യ കുഞ്ഞ് ജനിച്ചതിനുശേഷം എന്റെ ഭാര്യ ഒരു ഡോക്ടറെന്ന നിലയിൽ ഒരു രൂപപോലും വരുമാനം



*ഒരു ക്രിസ്ത്യാനി തന്റെ മേലധികാരിയോട് ഓഫീസിലോ ഫാക്ടറിയിലൊ വച്ച് തർക്കത്തിൽ ഏർപ്പെടുമ്പോൾ യേശുവിന്റെ നാമത്തിനു അപമാനമുണ്ടാവുകയാണ്.*

ഉണ്ടാക്കിയില്ല. എന്നാൽ തന്റെ വൈദ്യശാസ്ത്ര പരിജ്ഞാനം കൊണ്ട് നൂറുകണക്കിനു സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വേണ്ട ഉപദേശം നൽകി. ഞങ്ങളുടെ മക്കൾ എത്ര പണത്തേക്കാളും വിലയുള്ളവരാണെന്നു ഞങ്ങൾ ഉറപ്പായി കരുതി. ഇന്നു വിവാഹം കഴിഞ്ഞ് 47 വർഷമായപ്പോൾ അതിന്റെ ഫലം ഞങ്ങൾ കാണുന്നു. ഞങ്ങളുടെ എല്ലാ മക്കളും വീണ്ടും ജനിച്ച് ദൈവത്തിനായി ജീവിക്കുന്നു. അവരും ദൈവഭക്തരായ പെൺകുട്ടികളെ വിവാഹം കഴിച്ച് മക്കളെ ദൈവഭക്തിയിൽ വളർത്തുന്നു. ഒരു ആഡംബര ജീവിതത്തിനു വേണ്ടി പണം സമ്പാദിക്കുവാൻ ശ്രമിക്കുന്നതിനു പകരം മക്കളെ ദൈവഭക്തിയിൽ വളർത്തുവാൻ തീരുമാനിച്ചതിൽ ഞങ്ങൾ അല്പംപോലും ദുഃഖിക്കുന്നില്ല. ഞങ്ങൾ ലളിതമായി ജീവിച്ച് ഞങ്ങളുടെ മക്കളെ ദൈവത്തിനുവേണ്ടി ജീവിക്കുവാൻ തക്കവണ്ണം വളർത്തിക്കൊണ്ടുവരുവാൻ ദൈവം ഞങ്ങൾക്കു കൃപ തന്നു.

ജീവിത നിലവാരം എങ്ങനെയിരിക്കണം എന്നതിനേക്കാൾ നിങ്ങളുടെ മക്കൾക്കു പ്രാധാന്യം കൊടുക്കണം. നിങ്ങൾ സമ്പാദിക്കുന്ന ലക്ഷക്കണക്കിനു രൂപ ദൈവഭക്തരായ മക്കൾക്കു പകരമാവുകയില്ല. അതുകൊണ്ട് എല്ലാ അമ്മമാരോടും ഭാര്യമാരോടും ഞാൻ പറയട്ടെ "നിങ്ങളുടെ മക്കളെ അവഗണിക്കരുത്." ദൈവവചനം ഇവിടെ പറയുന്നു "ആദ്യം വീട്ടുകാര്യം നോക്കുവിൻ." നിങ്ങളുടെ മക്കൾ വളർന്നു ഭവനം വിട്ടതിനുശേഷം നിങ്ങൾക്കു വേണമെങ്കിൽ ജോലിക്കു പോകാം. നിങ്ങൾ പ്രായത്തിൽ മുതിർന്ന ഒരു സഹോദരിയാണെങ്കിൽ നിങ്ങൾക്കു നിങ്ങളുടെ സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ ചെറുപ്പക്കാരായ സ്ത്രീകളെ എങ്ങനെ കുടുംബകാര്യം നോക്കണമെന്നതിനെ സംബന്ധിച്ച് പഠിപ്പിക്കുവാൻ സാധിക്കും, അതാണ് ദൈവിക മാർഗ്ഗം. എന്നാൽ വ്യത്യസ്തമായ ചില സാഹചര്യവും ഉണ്ടാകാമെന്നു ഞാൻ അംഗീകരിക്കുന്നു. ഒരു ഭർത്താവും രോഗിയും ജോലിചെയ്യാൻ ബുദ്ധിമുട്ടുള്ള ആളുമാണെങ്കിൽ കുടുംബത്തിനു ഒരു വരുമാനമാർഗ്ഗമെന്ന നിലയിൽ ഭാര്യ ജോലിക്കു പോകേണ്ടി വരും. എന്നാൽ ഇത് ഒരു പ്രത്യേക സാഹചര്യം മാത്രമാണ്. പൊതുവായിട്ടുള്ളതല്ല.

ചെറുപ്പക്കാർ ആത്മനിയന്ത്രണമു

**ജീവിത നിലവാരം എങ്ങനെയിരിക്കണം എന്നതിനേക്കാൾ നിങ്ങളുടെ മക്കൾക്കു പ്രാധാന്യം കൊടുക്കണം. നിങ്ങൾ സമ്പാദിക്കുന്ന ലക്ഷക്കണക്കിനു രൂപ ദൈവഭക്തരായ മക്കൾക്കു പകരമാവുകയില്ല. അതുകൊണ്ട് എല്ലാ അമ്മമാരോടും ഭാര്യമാരോടും ഞാൻ പറയട്ടെ "നിങ്ങളുടെ മക്കളെ അവഗണിക്കരുത്." ദൈവവചനം ഇവിടെ പറയുന്നു "ആദ്യം വീട്ടുകാര്യം നോക്കുവിൻ." നിങ്ങളുടെ മക്കൾ വളർന്നു ഭവനം വിട്ടതിനുശേഷം നിങ്ങൾക്കു വേണമെങ്കിൽ ജോലിക്കു പോകാം.**

> സാത്താൻ നിങ്ങളുടെ ഭവനത്തെ കാണിച്ചുകൊണ്ട് ദൈവത്തോട് ഇങ്ങനെ പറയുവാൻ ഇടയാകരുത്-ദൈവമേ ആ ക്രിസ്തീയ ഭവനത്തെ നോക്കുക. അവിടെ അമ്മയ്ക്കു കൂടുതൽ പണം സമ്പാദിക്കുന്നതിനാണ് താല്പര്യം. അതിനാൽ അവളുടെ കുട്ടികൾ എത്ര മത്സരികൾ ആയിരിക്കുന്നു എന്നു കാണുക. അവർ മാതാപിതാക്കന്മാരെയോ സഭയേയോ ബഹുമാനിക്കുന്നില്ല". കർത്താവിന്റെ നാമത്തിനു അപമാനമുണ്ടാക്കുന്ന ഒന്നും നിങ്ങളിൽ കാണാൻ ഇടയാകരുത്.

ള്ളവരായിരിക്കണം. അതാണ് ശുദ്ധമായ ഉപദേശം. ദൈവനാമം ദുഷിക്കപ്പെടുവാൻ ഇടയാകുന്നവിധം പിശാച് നിന്നെക്കുറിച്ച് ഒരു ദോഷവും പറയുവാൻ ഇല്ലാത്തവിധം സൽപ്രവൃത്തിയും ശുദ്ധഉപദേശവും ഗൗരവവും സംഭാഷണത്തിൽ ഔചിത്യവും ഉള്ളവനായി മറ്റുള്ളവർക്കു ഒരു മാതൃക ആയിരിക്കുവാൻ പൗലൊസ് തീത്തോസിനോട് ആവശ്യപ്പെടുന്നു. സാത്താൻ നിങ്ങളുടെ ഭവനത്തെ കാണിച്ചുകൊണ്ട് ദൈവത്തോട് ഇങ്ങനെ പറയുവാൻ ഇടയാകരുത്–'ദൈവമേ ആ ക്രിസ്തീയ ഭവനത്തെ നോക്കുക. അവിടെ അമ്മയ്ക്കു കൂടുതൽ പണം സമ്പാദിക്കുന്നതിനാണ് താല്പര്യം. അതിനാൽ അവളുടെ കുട്ടികൾ എത്ര മത്സരികൾ ആയിരിക്കുന്നു എന്നു കാണുക. അവർ മാതാപിതാക്കന്മാരെയോ സഭയേയോ ബഹുമാനിക്കുന്നില്ല''. കർത്താവിന്റെ നാമത്തിനു അപമാനമുണ്ടാക്കുന്ന ഒന്നും നിങ്ങളിൽ കാണാൻ ഇടയാകരുത്. നിങ്ങളുടെ ജീവിതത്തിലെ മൂല്യങ്ങളുടെ പ്രതിഫലനമാണ് നിങ്ങളുടെ മക്കൾ. ആത്മീയനാണെന്നു ഭാവിച്ച് ചുറ്റുമുള്ളയെല്ലാവരേയും കബളിപ്പിക്കുവാൻ നിങ്ങൾക്കു സാധിക്കും. എന്നാൽ നിങ്ങളുടെ മക്കളെ കബളിപ്പിക്കുവാൻ സാധിക്കുകയില്ല. നിങ്ങളുടെ ജീവിത നിലവാരമെന്താണെന്നും നിങ്ങൾ ജീവിക്കുന്നതെങ്ങനെയാണെന്നും അവർക്ക് നന്നായി അറിയാം.

ക്രിസ്തീയ ദാസന്മാരെ (ഇന്നു ഫാക്ടറികളിലും ഓഫീസുകളിലും ജോലി ചെയ്യുന്നവരേയും കൂട്ടിചേർത്ത്) തങ്ങളുടെ മേലധികാരികൾക്കു കീഴടങ്ങിയിരിക്കുവാൻ പഠിപ്പിക്കണം. അവർ തങ്ങളുടെ യജമാനന്മാരോട് തർക്കിക്കരുത്. ആളുകളോട് തങ്ങളുടെ ഫാക്ടറിയിലും ഓഫീസുകളിലും മേലധികാരികളോട് തർക്കിക്കരുതെന്നു പറയുന്ന എത്ര പ്രസംഗകർ ഇന്നുണ്ട്? ഒരു ക്രിസ്ത്യാനി തന്റെ മേലധികാരിയോട് ഓഫീസിലോ ഫാക്ടറിയിലൊ വച്ച് തർക്കത്തിൽ ഏർപ്പെടുമ്പോൾ യേശുവിന്റെ നാമത്തിനു അപമാനമുണ്ടാവുകയാണ്. തന്റെ ബോദ്ധ്യങ്ങൾക്ക് എതിരായി പ്രവർത്തിക്കുവാൻ മേലധികാരി ആവശ്യപ്പെട്ടാൽ അതിനെതിരെ നിലപാടെടുക്കരുതെന്നല്ല ഞാൻ പറയുന്നത്. അത് നാം ചെയ്യണം. ഞാൻ നാവികസേനയിൽ ആയിരുന്നപ്പോൾ പല സന്ദർഭങ്ങളിലും എന്റെ മേല

ധികാരികളോട് ഇങ്ങനെ പറഞ്ഞിട്ടുണ്ട് "സർ, ക്ഷമിക്കണം ഞാൻ ഒരു ക്രിസ്ത്യാനി ആയതുകൊണ്ട് ഇത് ചെയ്യുവാൻ എനിക്കു സാധിക്കുകയില്ല. കാരണം എന്റെ മനഃസാക്ഷി അതിനെതിരാണ്." എന്നാൽ നാം ഒരിക്കലും ഒരു തർക്കകാരനാകരുത്.

ദാസന്മാരോട് (ഓഫീസുകളിൽ ജോലിചെയ്യുന്നവരോട്) ഉള്ള മറ്റൊരു പ്രധാന പ്രബോധനമാണ് "ചെറിയ മോഷണം പോലും" നടത്തരുതെന്നത് (2:10) ചെറിയ ചെറിയ മോഷണവും വലിയ മോഷണവും തമ്മിലുള്ള വ്യത്യാസമെന്താണ്? വിലപിടിപ്പുള്ള വസ്തുക്കൾ അനീതിയായി എടുത്ത് സ്വന്തമാക്കുന്നതാണ് വലിയ മോഷണം. സ്വന്തം ആവശ്യത്തിനു ഓഫീസിലെ ഒരു ഷീറ്റ് പേപ്പർ എടുക്കുന്നതാണ് ചെറിയ മോഷണം. അങ്ങനെ ചെറിയ ചെറിയ കാര്യങ്ങളിലാണ് ഒരുവൻ ദൈവഭക്തനാണോ അല്ലയോ എന്ന് അറിയുന്നത്. യേശു പറഞ്ഞു "നിങ്ങൾ അല്പ കാര്യങ്ങളിൽ വിശ്വസ്തനാണെങ്കിൽ അധികത്തിലും വിശ്വസ്തനായിരിക്കും." നിങ്ങൾ ചെറിയ മോഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വില കണക്കാക്കി തിരികെ നൽകുക. അതാണ് യഥാർത്ഥ ക്രിസ്തീയത. അതാണ് സക്കായി ചെയ്തത്. എന്റെ ക്രിസ്തീയ ജീവിതത്തിൽ ഞാൻ പ്രവർത്തിച്ചതാണ് പ്രസംഗിക്കുന്നത്. ഇന്ന് എന്റെ മനഃസാക്ഷി അതിനാൽ ശുദ്ധമാണ്. അങ്ങനെയാണ് നമ്മൾ രക്ഷകനായ ദൈവത്തിന്റെ ഉപദേശത്തെ ഒരു ഭൂഷണമാക്കി തീർക്കുന്നത് (2:10). സ്ത്രീകൾ ആഭരണത്താൽ തങ്ങളെ അലങ്കരിക്കുന്നതു പോലെ ക്രിസ്ത്യാനികൾ അവരുടെ ജീവിതത്തിൽ തങ്ങളുടെ ഉപദേശം ഒരു അലങ്കാരമാക്കണം.

"സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചിരിക്കുന്നുവല്ലോ. മഹാ ദൈവവും നമ്മുടെ രക്ഷകനുമായ യേശുക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയെന്ന ഭാഗ്യകരമായ പ്രത്യാശയ്ക്കായി കാത്തിരുന്നുകൊണ്ട് നാം അഭക്തിയും ലോകമോഹങ്ങളും വർജ്ജിച്ച് ഈ കാലഘട്ടത്തിൽ ആത്മനിയന്ത്രണവും നീതിയും ദൈവഭക്തിയുമുള്ള ജീവിതം നയിക്കുവാൻ അത് നമ്മെ അഭ്യസിപ്പിക്കുന്നു." (2:11-13). ദൈവം നമുക്കു വേണ്ടി ഭൂവാസകാലത്ത് എന്താണ് ചെയ്തതെന്നു പറയുന്ന ഒരു വേദഭാഗമാണിത്. അവിടുന്നു രക്ഷകൊണ്ടുവന്നു. അവിടുന്ന് ഇപ്പോൾ ഈ വർത്തമാന കാലത്ത് എന്താണ് ചെയ്യുന്നത്? നമ്മുടെ ജീവിതത്തിലെ ദൈവികമല്ലാത്ത എല്ലാം ഉപേക്ഷിച്ച് കർത്താവിന്റെ മടങ്ങിവരവിനെ പ്രതീക്ഷിച്ചിരിക്കുന്ന ഒരു ജീവിതത്തിനു നമ്മെ പ്രാപ്തരാക്കുന്നു.

എന്തിനുവേണ്ടിയാണു യേശുക്രിസ്തു നമുക്കുവേണ്ടി തന്നെത്താൻ അർപ്പിച്ചതെന്നു ഇവിടെ വ്യക്തമായി നമ്മോടു പറയുന്നു (2:14). സൽപ്രവൃത്തികളിൽ ശുഷ്ക്കാന്തിയുള്ള സ്വന്ത ജനമായി ശുദ്ധീകരിക്കേണ്ടതിനു വേണ്ടിയാണ് അത് ചെയ്തത്. നിങ്ങളെ ക്രിസ്തു രക്ഷിച്ചുവെങ്കിൽ നിങ്ങൾ സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ള ഒരാളായിരിക്കണം. ശുദ്ധമായ ഉപദേശം നീതീകരണത്തിനും ജലസ്നാനത്തിനും, പരിശുദ്ധാത്മസ്നാനത്തിനും എല്ലാം അപ്പുറമുള്ളതാണ്. പ്രായോഗിക ക്രിസ്തീയ ജീവിതമാണത്. ഒരുവനെ ദൈവഭ

പല ഓഫീസുകളിലും ഇങ്ങനെ ഒരു പരസ്യം നാം ശ്രദ്ധിച്ചിരിക്കും - "നിങ്ങൾ പുകവലിക്കാതിരുന്നതിന് നന്ദി." എന്നാൽ ഇങ്ങനെ ഒരു പരസ്യം വയ്ക്കുന്നതിനെ കുറിച്ച് എന്താണ് നിങ്ങളുടെ അഭിപ്രായം? "പരദൂഷണം പറയാതിരുന്നതിനു നന്ദി." ഇന്നു ക്രിസ്തീയ ഭവനങ്ങളിൽ പരദൂഷണം വളരെയുണ്ട്. എന്റെ ഭവനത്തിലേക്കു ഒരു പരദൂഷണക്കാരൻ വരുന്നതിനെക്കാൾ ഒരു പക്ഷേ ഒരു പുകവലിക്കാരൻ വരുന്നതിനെ ഞാൻ സ്വാഗതം ചെയ്യും.

ക്തിയിലേക്കു നയിക്കുവാൻ സാധിക്കാത്ത ഉപദേശം ശുദ്ധമായ ഉപദേശമല്ല; അത് വൃത്തിഹീനമായ ഉപദേശമാണ്. ശസ്ത്രക്രിയാ ഉപകരണങ്ങൾ അണുവിമുക്തമാക്കുകയോ തറ വൃത്തിയാക്കുകയോ ചെയ്യാത്ത നിലവാരം കുറഞ്ഞ ഒരു ആശുപത്രി പോലെയാണത്. അങ്ങനെയുള്ള ഒരു സഭ ആരേയും ദൈവഭക്തിയിലേക്കു നടത്തുകയില്ല. ശുദ്ധമായ ഉപദേശമാണ് സഭയ്ക്ക് ഇന്ന് ഏറ്റവും ആവശ്യമുള്ള ഒരു കാര്യം. അതിനാലാണ് പൗലൊസ് തീത്തോസിനോട് ഇങ്ങനെ ആവശ്യപ്പെടുന്നത് "ഈ കാര്യങ്ങൾ പ്രസംഗിക്കുകയും സകല അധികാരത്തോടും കൂടെ പ്രബോധിപ്പിക്കുകയും ശാസിക്കുകയും ചെയ്യുക" (2:15). ക്രിസ്തീയ ഭവനങ്ങളിലും ക്രിസ്തീയ സഭകളിലും ക്രിസ്തീയ പ്രസംഗ പീഠങ്ങളിലും ഇന്നത്തെ പ്രധാന ആവശ്യം. "ദൈവിക അധികാരം" ആണ് "നിങ്ങൾ പറയുന്നത് പ്രാധാന്യമില്ലാത്ത കാര്യങ്ങളാണ്" എന്ന ആളുകൾ ചിന്തിക്കുവാൻ ഇടയാകുന്ന വണ്ണം സംസാരിക്കരുത്.

**ഉപസംഹാര പ്രബോധനങ്ങൾ**

ക്രിസ്ത്യാനികൾ തങ്ങളുടെ ഭരണകർത്താക്കളോടും അധികാരികളോടും എങ്ങനെ ആയിരിക്കണം എന്ന വിഷയം സംബന്ധിച്ചു തുടർന്നു പൗലൊസ് പറയുന്നു. "നാം അധികാരികൾക്കു കീഴടങ്ങിയിരിക്കുവാനും അവരെ അനുസരിക്കാനും സകലസൽപ്രവൃത്തിക്കും ഒരുങ്ങിയിരിക്കുവാനും" (3:1) ആണ് പറഞ്ഞിരിക്കുന്നത്. ക്രിസ്ത്യാനികൾ അവരുടെ സ്വീകരണമുറിയിലും ഊണുമുറിയിലും എഴുതി വയ്ക്കുവാൻ ഞാൻ പ്രോത്സാഹിപ്പിക്കാറുള്ള ഒരു വാക്യം വരുന്നത് പിന്നീടാണ്- "ആരേയും കുറിച്ച് ദൂഷണം പറയരുത്." പല ഓഫീസുകളിലും ഇങ്ങനെ ഒരു പരസ്യം നാം ശ്രദ്ധിച്ചിരിക്കും-"നിങ്ങൾ പുകവലിക്കാതിരുന്നതിന് നന്ദി." എന്നാൽ ഇങ്ങനെ ഒരു പരസ്യം വയ്ക്കുന്നതിനെ കുറിച്ച് എന്താണ് നിങ്ങളുടെ അഭിപ്രായം?-"പരദൂഷണം പറയാതിരുന്നതിനു നന്ദി." ഇന്നു ക്രിസ്തീയ ഭവനങ്ങളിൽ പരദൂഷണം വളരെയുണ്ട്. എന്റെ ഭവനത്തിലേക്കു ഒരു പരദൂഷണക്കാരൻ വരുന്നതിനെക്കാൾ ഒരു പക്ഷേ ഒരു പുകവലിക്കാരൻ വരുന്നതിനെ ഞാൻ സ്വാഗതം ചെയ്യും. നിങ്ങളുടേയും അഭിപ്രായം അതാണോ? ഒരാളോട് നിങ്ങളുടെ ഭവനത്തിൽ ഇരുന്നു പുകവലിക്കരുതെന്നു അഭ്യർത്ഥിക്കുവാൻ കഴിയു

ന്നുവെങ്കിൽ പിന്നെ എന്തുകൊണ്ട് അയാളോട് പരദൂഷണം പറയരുതെന്ന് അഭ്യർത്ഥിക്കുവാൻ സാധിക്കുന്നില്ല?

"ആരേയും കുറിച്ച് ദൂഷണം പറയാതെ ശാന്തരായി സകല മനുഷ്യരോടും പൂർണ്ണ സൗമ്യത കാണിക്കുവാൻ അവരെ ഓർപ്പിക്കുക. ഒരു കാലത്ത് നാമും ബുദ്ധിഹീനർ ആയിരുന്നു." (3:2,3) ഒരു കാലത്ത് നാം ബുദ്ധിഹീനർ ആയിരുന്നു. ബുദ്ധിഹീനർ എന്നു മാത്രമല്ല അനുസരണകെട്ടൊരു തെറ്റായ മാർഗ്ഗത്തിലൂടെ നയിക്കപ്പെട്ടവരും, സുഖഭോഗങ്ങൾക്ക് അധീനരും വിദ്വേഷത്തിലും അസൂയയിലും ജീവിച്ചുപോന്നവരും ആയിരുന്നു. എന്നാൽ ദൈവത്തിന്റെ കരുണയും കൃപയും അതിൽ നിന്നെല്ലാം നമ്മെ രക്ഷിച്ചു. നമ്മുടെ എന്തെങ്കിലും നല്ല പ്രവൃത്തിയുടെ അടിസ്ഥാനത്തിലല്ല അവിടുന്നു നമ്മെ രക്ഷിച്ചത്. അവിടുത്തെ കരുണയും കൃപയും ഒന്നുകൊണ്ടു മാത്രമാണ് രക്ഷിച്ചത്. ഈ കാര്യത്തിനാണ് പൗലൊസ് എപ്പോഴും മുഖ്യ ഊന്നൽ നൽകിയിരിക്കുന്നത്. നമ്മുടെ രക്ഷ ഒരിക്കലും നമ്മുടെ നീതികൊണ്ടോ നല്ല പ്രവൃത്തികൊണ്ടോ ലഭിച്ചതല്ല. എന്നാൽ അത് ദൈവത്തിന്റെ കൃപയാലുള്ള സൗജന്യ ദാനമാണ്. പിന്നീട് ദൈവം പരിശുദ്ധാത്മാവിനാൽ നമ്മെ നവീകരിച്ചു. ഇവിടെ പൗലൊസ് "പരിശുദ്ധാത്മ നിറവ്" എന്ന ക്രിസ്തീയ ജീവിതത്തിന്റെ മർമ്മം വെളിപ്പെടുത്തുന്നു. ഇതാണ് പൗലൊസ് എപ്പോഴും ഊന്നൽ നൽകിയ രണ്ടാമത്തെ കാര്യം.

പൗലൊസ് പിന്നീട് തിത്തോസിനോട് ഇവയെല്ലാം "ശക്തിയായി പ്രബോധിപ്പിക്കണം" എന്ന് ആവശ്യപ്പെടുന്നു. "നടന്മാരും സുവിശേഷ പ്രസംഗകരും തമ്മിലുള്ള വ്യത്യാസം ഇതാണ്-സുവിശേഷ പ്രസംഗകർ യഥാർത്ഥ കാര്യങ്ങൾ യഥാർത്ഥമല്ലാത്തതുപോലെ പറയുന്നു. എന്നാൽ നടന്മാർ ഒട്ടും യഥാർത്ഥമല്ലാത്തവയെ യഥാർത്ഥമായവപോലെ സംസാരിക്കുന്നു" സുവിശേഷപ്രസംഗകരെ വിമർശിച്ച് പറയാറുള്ള ഒരു വാക്യമാണിത്. ഞാൻ കേട്ടിട്ടുള്ള അനേക പ്രസംഗകരിലും ഇതു സത്യമാണ്. അവരുടെ ശുശ്രൂഷയിൽ എരിവോ ആത്മാർത്ഥതയോ അഗ്നിയോ ഇല്ല. അവർ നിത്യജീവനെക്കുറിച്ചും നിത്യതയെക്കുറിച്ചും നിത്യമായി അനുഭവിക്കേണ്ട നരകത്തെക്കുറിച്ചും വളരെ ലാഘവത്തോടെ സംസാരിക്കുന്നു. അങ്ങനെയുള്ള പ്രസംഗകരെ ആരാണ് വിശ്വസിക്കുന്നത്? ഒരിക്കലും അങ്ങനെയുള്ള ഒരു പ്രസംഗകൻ ആകരുത്. വേദപുസ്തകത്തിലുള്ളത് ദൈവവചനം തന്നെയാണ് എന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും പ്രസംഗിക്കരുത്, ഏതെങ്കിലും തൊഴിലോ കച്ചവടമോ ചെയ്യുക. എന്നാൽ സഭയിൽ എഴുന്നേറ്റ് പ്രസംഗിച്ച് മറ്റുള്ളവരിൽ ആകെ ആശയക്കുഴപ്പമുണ്ടാക്കരുത്. നിങ്ങൾ ദൈവവചനം പ്രസംഗിക്കുന്നുവെങ്കിൽ അത് ആത്മവിശ്വാസത്തോടും അധികാരത്തോടും കൂടെ ആയിരിക്കണം.

വേദപുസ്തകം ദൈവനിശ്വാസീയമായ ദൈവവചനം തന്നെയെന്നു ഞാൻ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു. അതിനാലാണ് ഞാൻ ആത്മവിശ്വാസത്തോടെ അതിൽ നിന്നും സംസാരിക്കുന്നത്. ഏതാണ്ട് 50 വർഷങ്ങൾക്കു മുൻപ്

ഞാൻ പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ മുതൽ ആത്മവിശ്വാസത്തോടെയാണ് പ്രസംഗിക്കുന്നത്. ഇന്നു ഞാൻ കൂടുതൽ ആത്മവിശ്വാസത്തോടെ പ്രസംഗിക്കുന്നു. കാരണം ദൈവവചനം യാഥാർത്ഥ്യമാണെന്നു എനിക്കിന്നു കൂടുതൽ ബോദ്ധ്യമുണ്ട്. ദൈവത്തിന്റെ പുസ്തകത്തിലുള്ള എല്ലാ വാഗ്ദാനങ്ങളും സത്യമാണെന്ന് എന്റെ ജീവിതകാലത്ത് തെളിയിച്ചിട്ടുണ്ട്. വേദപുസ്തകം കുറെ കെട്ടുകഥകളുടെ സമാഹാരമല്ല. അത് ദൈവത്തിന്റെ നിത്യമായ സത്യങ്ങളാണ്. ദൈവിക അധികാരത്തോടെ പ്രസംഗിക്കുന്നവർ അധികം ഇല്ല എന്നതാണ് ഇന്നത്തെ ക്രിസ്തീയ സമൂഹത്തിന്റെ ദുരന്തം.

പൗലൊസ് തന്റെ ജീവിതാന്ത്യത്തിൽ ആളുകളെ പ്രബോധിപ്പിക്കുന്ന മറ്റൊരു കാര്യം ഇതാണ്-''ബുദ്ധികെട്ട വാദപ്രതിവാദങ്ങളും വംശാവലികളും ന്യായപ്രമാണത്തെക്കുറിച്ചുള്ള തർക്കങ്ങളും കലഹങ്ങളും ഒഴിഞ്ഞിരിക്കുക'' (2:9) അതോടൊപ്പം "ഭിന്നിപ്പുണ്ടാക്കുന്നവനെ ഒന്നുരണ്ടുവട്ടം താക്കീത് ചെയ്തശേഷം ഒഴിവാക്കേണ്ടതാണ്. അയാൾ വക്രബുദ്ധിയും പാപം നിറഞ്ഞവനുമായി തനിക്കു തന്നെ ശിക്ഷ വിധിച്ചിരിക്കുന്നുവെന്നു നിനക്കറിയാമല്ലോ" (3:10,11)

ഒരിക്കൽ ഒരു അപരിചിതൻ എന്റെ വീട്ടിൽ വന്നു. ക്രിസ്ത്യാനികൾ രോഗികളായിരിക്കുമ്പോൾ മരുന്നു കഴിക്കരുതെന്നും സൗഖ്യത്തിനായി ദൈവത്തിൽ ആശ്രയിച്ചാൽ മതിയെന്നും എന്നെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. ഞാൻ ഇതിനോട് യോജിക്കുന്നില്ലയെന്നും എന്നാൽ ഇതു സംബന്ധിച്ച് ഒരു തർക്കത്തിനില്ലെന്നും അയാളോടു പറഞ്ഞു. ഞാൻ അയാളോട് പറഞ്ഞു "നമുക്ക് യേശുവിനെക്കുറിച്ചും അവിടുത്തെ വചനത്തെക്കുറിച്ചും അവിടുത്തെ വേലയെക്കുറിച്ചും സംസാരിക്കാം." ഈ വിഷയത്തിൽ ഒതുങ്ങി നിന്നു സംസാരിക്കുവാൻ ഒരുക്കമാണെങ്കിൽ മാത്രം തുടർന്നും സംസാരിക്കാം എന്നു പറഞ്ഞു. എന്നാൽ രണ്ടു മിനിറ്റുകൾക്കുള്ളിൽ അയാൾ "മരുന്നു കൂടാതെയുള്ള രോഗസൗഖ്യം" എന്ന വിഷയത്തിലേക്കു വീണ്ടും കടന്നു. ഞാൻ രണ്ടാമതും ഒരു മുന്നറിയിപ്പ് നൽകി -'ഈ വിഷയമാണ് വീണ്ടും സംസാരിക്കുന്നതെങ്കിൽ താങ്കളെ എനിക്കു ഈ വീട്ടിൽ നിന്നും പറഞ്ഞു വിടേണ്ടി വരു'മെന്നും പറഞ്ഞു. ഞാൻ വീണ്ടും കർത്താവിനെക്കുറിച്ച് പറഞ്ഞു തുടങ്ങി. രണ്ടു മിനിറ്റ് കഴിഞ്ഞപ്പോൾ അയാൾ വീണ്ടും പഴയ വിഷയത്തിലേക്കു കടന്നു. അപ്പോൾ ഞാൻ എഴുന്നേറ്റ് "ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ" എന്നു പറഞ്ഞ് അയാളെ എന്റെ വീട്ടിൽ നിന്നും പറഞ്ഞു വിട്ടു. ഞാൻ ഈ ദൈവവചനം അനുസരിക്കുക ആയിരുന്നു. ദൈവഭക്തിയുള്ള ഒരു ജീവിതത്തിനു പ്രാധാന്യമില്ലാത്ത ഒരു കാര്യത്തെക്കുറിച്ചും തർക്കിക്കുവാൻ എനിക്കു താല്പര്യമില്ല.

''സൽപ്രവൃത്തികളിൽ മുമ്പരാകുക'' എന്ന പ്രബോധനത്തോടെയാണ് പൗലൊസ് തന്റെ ലേഖനം അവസാനിപ്പിക്കുന്നത്.

(തുടരും)

മൊഴിമാറ്റം: **സാജു ജോസഫ്**

❖

# ഭർത്താക്കന്മാരോടുള്ള ഐകമത്യം

*21-ാം പേജിൽ നിന്നു തുടർച്ച*

രുടെ മാതാപിതാക്കളുമായോ, സഹോദരങ്ങളുമായോ കൂടുതൽ ഗാഢമായ ബന്ധം സൂക്ഷിക്കുന്നവരാണ്. അതുകൊണ്ട് അവരുടെ വിവാഹ ജീവിതത്തിൽ അനേക പ്രശ്നങ്ങൾ അവർക്ക് നേരിടേണ്ടതായി വരുന്നു. നമുക്ക് ഭർത്താവുമായി ദൃഢമായ ബന്ധമില്ലെങ്കിൽ സാത്താന് വളരെ എളുപ്പം നമ്മുടെ ഭവനങ്ങളിൽ പ്രവേശിക്കുവാൻ സാധിക്കും. മാതാപിതാക്കൾ ഐകമത്യപ്പെടാതിരിക്കുന്നിടത്ത് അവരുടെ മക്കൾ അരക്ഷിതബോധത്തിൽ ജീവിക്കേണ്ടിവരാം. ഫലം അവർക്ക് ഭക്ഷണകാര്യത്തിൽ കുഴപ്പങ്ങൾ, മോശമയ പെരുമാറ്റം, ഉറക്കത്തിനു പ്രശ്നങ്ങൾ തുടങ്ങിയവ ഉണ്ടാകുന്നു.

ആദിയിൽ യേശു ദൈവത്തോടൊപ്പം ഉണ്ടായിരുന്നുവെന്നും താൻ ദൈവം തന്നെയായിരുന്നുവെന്നും യോഹന്നാൻ 1:1ൽ വായിക്കുന്നു. എന്നാൽ നമ്മുടെ പരിമിതിയുള്ള മനസ്സിന് വേണ്ടതുപോലെ ഇതു മനസ്സിലാക്കാൻ കഴിയുകയില്ല. നാം ദൈവത്തെ കാണുമ്പോൾ മാത്രമേ നമുക്ക് പിതാവും, പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ദൃഢവും, ശക്തവുമായ ഐക്യത പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ഇത് വളരെ മഹത്വകരമായ ഐക്യതയാണ്. ഈ ഐക്യതയുടെ ചെറിയ ഒരളവ് നമ്മെ കാണിക്കാനാണ് യോഹന്നാൻ 17-ൽ യേശു പ്രാർത്ഥിക്കുന്നത്. നമുക്കും ആ ഐക്യത ലഭിക്കുവാൻ യേശു ആഗ്രഹിക്കുന്നു.

ഒരു മനുഷ്യനെ വിവാഹത്തിലൂടെ തന്റെ ഭാര്യയുമായി ചേർക്കുമ്പോൾ അവർ ഒന്നായിരിക്കണമെന്നതാണ് ദൈവഹിതം. ദൈവം യോജിപ്പിച്ചതിനെ ആരും വേർപിരിക്കരുത്.

ആമോസ് 3:3-ൽ നാം വായിക്കുന്നു: "രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ എങ്ങനെ നടക്കാൻ കഴിയും."

മത്തായി 18:18,19 വാക്യത്തിൽ രണ്ടു വിശ്വാസികൾ ഐകമത്യപ്പെട്ട് ഒത്തുചേർന്ന് പ്രാർത്ഥിക്കുന്നുവെങ്കിൽ സാത്താന്റെ പ്രവർത്തനങ്ങളെ അഴിപ്പാനും അവനാൽ ബന്ധിക്കപ്പെട്ടിരിക്കുന്നവരെ വിടുവിക്കാനും സാധിക്കുമെന്നുകാണുന്നു. നമ്മുടെ ഭവനങ്ങളിൽ വരുന്ന പ്രശ്നങ്ങളിൽ ഭാര്യയ്ക്കും ഭർത്താവിനും ഇത് പ്രയോഗത്തിൽ വരുത്താവുന്നതാണ്. ഒന്നായിരിക്കുന്ന ഒരു ഭാര്യയുടെയും ഭർത്താവിന്റെയും ശക്തിയെപ്പറ്റിയും അവരുടെ മദ്ധ്യേയുള്ള ദൈവത്തിന്റെ സാന്നിദ്ധ്യത്തെപ്പറ്റിയും സാത്താനു നന്നായി അറിയാം. അതുകൊണ്ടുതന്നെ ആ ഐക്യത്തെ തകർക്കാൻ സാത്താൻ ജാഗരൂകനാണ് (മത്തായി 18: 19,20).

യേശുവും പിതാവും തമ്മിലുള്ള ഐക്യത്തിന്റെ ചെറിയൊരംശം ഭർത്താവും ഭാര്യയുമെന്ന നിലയിൽ നമുക്ക് രുചിച്ചറിയുവാൻ സാധിക്കുമെന്നത് എത്രവലിയ അവകാശമാണ്! ഇങ്ങനെയൊരു ഐക്യം നമ്മുടെ ഭവനങ്ങളിൽ ഉണ്ടാകാൻ വേണ്ടിയാണ് യേശു ഭൂമിയിലേക്കു വന്നത്. ഇതു നമ്മുടെ ജന്മാവകാശമാണ്. നമ്മുടെ മനസ്സിന് ഇതു ഗ്രഹി

ക്കുവാൻ പ്രയാസമാണ്. എങ്കിലും ഇതു സാധ്യമാണ്.

കുടുംബത്തിലെ അനൈക്യത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണ്? ഭാര്യയും ഭർത്താവും അവരിൽ തന്നെ വ്യത്യസ്തരാണ്. അവരുടെ പശ്ചാത്തലം, സംസ്കാരം, വളർന്നുവന്നവിധം, കാര്യങ്ങളെ നോക്കി കാണുന്ന രീതി എല്ലാം വ്യത്യസ്തമാണ്. എന്നാൽ ഇതൊന്നും ഒന്നായിരിക്കുവാൻ തടസ്സമല്ല. ദൈവത്തിന്റെ മഹാകൃപയാൽ വ്യത്യസ്തരായ രണ്ടു വ്യക്തികൾ ഒന്നായിത്തീരുന്നു. എന്റെ വിവാഹജീവിതത്തിൽ ഇതു യാഥാർത്ഥ്യമാക്കിത്തീർക്കുവാൻ ഞാൻ കർത്താവിനോടു ചോദിച്ചു. കലഹവും അസന്തുഷ്ഠിയും ഏകാന്തതയും നിറഞ്ഞ ഒരു വിവാഹജീവിതം ഞാനൊരിക്കലും ആഗ്രഹിച്ചിട്ടില്ല. ഞങ്ങളുടെ ഇടയിൽ അകൽച്ചയുണ്ടായാൽ വഴക്കുകളുമുണ്ടാകും. അതുകൊണ്ട് ഞങ്ങളുടെ വ്യത്യസ്തതകൾ എന്നെ ബാധിക്കാതെ ഐകമത്യപ്പെട്ട ഒരു ജീവിതം നയിക്കുവാനുള്ള സഹായം ഞാൻ ദൈവത്തോടു ചോദിച്ചു. ഞങ്ങളുടെ വിവാഹ ജീവിതത്തിൽ ഒരുമ ഉണ്ടാകുവാനായി എനിക്ക് സാധ്യമായതെല്ലാം ചെയ്യുവാൻ ഞാൻ ആഗ്രഹിച്ചു. അതെന്റെ ലക്ഷ്യമായിത്തീർന്നു.

നാം ചെയ്തതെറ്റിനു മറ്റൊരാളെ കുറ്റം ചുമത്തുകയെന്നത് മനുഷ്യന്റെ പ്രവണതയാണ്. വിവാഹജീവിതത്തിലും ഇതു സംഭവിക്കാം. നാം അങ്ങനെ ചെയ്യുമ്പോൾ ദൈവം യോജിപ്പിച്ചതിനെ നാം വേർപിരിക്കുകയാണെന്ന് ഓർക്കണം. ദൈവത്തിന്റെ ഇഷ്ടം നാം ഒന്നായിരിക്കണമെന്നും ആ ഐക്യം കാത്തുസൂക്ഷിക്കാൻ കിണഞ്ഞു പരിശ്രമിക്കണമെന്നുമാണ്.

അന്യോന്യം ക്ഷമിച്ചും സഹിച്ചും ജീവിക്കുവാനുള്ള സഹായത്തിനായി നാം ദൈവത്തോട് അപേക്ഷിക്കണം. ദൈവം നമ്മോട് ദയാലു ആയതുപോലെ, ക്രിസ്തുവിൽ നമ്മോടു ക്ഷമിച്ചതുപോലെ (എഫേസ്യർ4: 2,32) നാം അന്യോന്യം ക്ഷമിക്കാൻ തയ്യാറാകണം.

ഐക്യത ഇല്ലാതാക്കുന്ന മറ്റൊരു കാര്യം സംശയമാണ്. ഒട്ടുമിക്ക സംശയങ്ങളും ഒടുവിൽ അടിസ്ഥാനരഹിതമാണെന്ന് നാം കണ്ടെത്തും. സംശയത്തിനെതിരെ ജാഗ്രത പുലർത്തുക.

കഴിഞ്ഞ കാലത്ത് നിങ്ങൾക്ക് മറ്റു പുരുഷന്മാരുമായി ചങ്ങാത്തം ഉണ്ടായിരുന്നുവെങ്കിൽ അത്തരം ഓർമകളും നിങ്ങൾ കുഴിച്ചിടണം. ആ സംഭവങ്ങളെപ്പറ്റി ഇനി ഓർക്കാൻ പാടില്ല. ഒരിക്കലും അത് ഫെയ്സ്ബുക്ക് വഴി പുതുക്കാൻ ശ്രമിക്കരുത്. ഒരുപക്ഷേ, വളരെ നല്ല തരത്തിലുള്ള ബന്ധമാവാം. തുടക്കത്തിൽ അതുകൊണ്ടൊരു കുഴപ്പവുമില്ല എന്നു തോന്നിയേക്കാം. പക്ഷേ, അരുത്. അനാവശ്യമായ ഒരു പ്രലോഭനത്തിന് നാമായിട്ട് വഴിയൊരുക്കരുത്.

ദൂരെയായിരിക്കുന്ന നിങ്ങളുടെ ബന്ധുക്കൾ നിങ്ങളെ നിയന്ത്രിക്കുവാനും ഭരിക്കുവാനും ശ്രമിച്ചേക്കാം. അത് നിങ്ങളും നിങ്ങളുടെ ഭർത്താവും തമ്മിലുള്ള അകൽച്ചയ്ക്കു കാരണമാകും. അത് ഒരിക്കലും അനുവദിക്കരുത്.

ചിലപ്പോൾ പണം, വസ്തുവകകൾ, ഭൗതികലക്ഷ്യങ്ങൾ എന്നിവ ഭർത്താവും ഭാര്യയും തമ്മിലുള്ള

അനൈക്യത്തിന് കാരണമാകാറുണ്ട്. അതുകൊണ്ട് നമ്മുടെ മുൻഗണന ഏതിനാണ് കൊടുക്കേണ്ടതെന്ന് നാംതിരിച്ചറിയണം.

ഭർത്താവുമായുള്ള ഒരുമ എന്നത് വലിയ ഒരു ലക്ഷ്യമാണ്. എന്നാൽ നാം അതിനായി അതിയായി ആഗ്രഹിക്കുന്നുവെങ്കിൽ അത് സാധ്യമാക്കി തീർക്കാൻ ദൈവം നമ്മെ സഹായിക്കും. കാരണം. ദൈവം നമ്മുടെ പക്ഷത്താണ്.

നിങ്ങളും ഭർത്താവും തമ്മിൽ ചെറിയ, ചെറിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ, നിങ്ങൾ ഇങ്ങനെ ചിന്തിക്കുക: നിങ്ങളുടെ കയ്യിൽ ചെറിയ ഒരു മുള്ളുകുത്തിക്കയറുമ്പോൾ അത് സാരമില്ല അവിടെ ഇരിക്കട്ടെ എന്നു വിചാരിച്ചാൽ അവസാനം അവിടെ പഴുപ്പു ബാധിക്കാൻ സാധ്യതയുണ്ട്. അതുപോലെ ചെറിയ പ്രശ്നങ്ങൾ വരുമ്പോൾ പെട്ടെന്നു തന്നെ ദൈവമുഖത്തേക്ക് നോക്കി ക്ഷമയ്ക്കായി യാചിക്കുക. അങ്ങനെ വീണ്ടും നിങ്ങളുടെ ഭർത്താവുമായി ഒരുമനപ്പെടുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. നിങ്ങളുടെ തെറ്റ് സമ്മതിച്ച് ഭർത്താവിനോട് ക്ഷമചോദിക്കുക. മാനസാന്തരപ്പെട്ട് ഭർത്താവുമായി ഒരുമയ്ക്കായി പൂർണ്ണഹൃദയത്തോടെ ശ്രമിക്കുക. അവനവനെത്തന്നെ വിധിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുക എന്നതിന്റെ അർത്ഥം ഇതാണ്. സാത്താനു പ്രവർത്തിക്കുവാൻ ഒരു ചെറിയ തെറ്റിദ്ധാരണ മതി. അതിനാൽ നാം വളരെ ജാഗ്രതയോടെ ഭർത്താവുമായുള്ള ഐക്യത്തിന് അദ്ധ്വാനിക്കണം. ജീവിതാന്ത്യത്തിൽ ഈ പരിശ്രമത്തെ ഓർത്ത് നമുക്ക് ദുഃഖിക്കേണ്ടി വരില്ല.

വീട്ടിലുണ്ടായ ഒരു സാഹചര്യത്തിൽ എങ്ങനെ പെരുമാറണമെന്ന കാര്യത്തിൽ നിങ്ങൾക്ക് ഭർത്താവിനും വ്യത്യസ്ത അഭിപ്രായങ്ങളാണെങ്കിൽ പക്വതയോടെ പരസ്പരം തുറന്നു സംസാരിക്കുക. നിങ്ങളുടെ ഭർത്താവിന് ആ കാര്യത്തിൽ ഒരു പ്രത്യേക വിധത്തിൽ പ്രവർത്തിക്കണമെന്ന് നിർബന്ധം ഉണ്ടെങ്കിൽ അതിൽ നിന്നു നിങ്ങളുടെ മനസ്സു മാറ്റാൻ തയ്യാറാകുക. നമുക്ക് ഒരു പ്രശ്നം പരിഹരിക്കേണ്ടതായി വരുമ്പോൾ പരസ്പരം വഴക്കിടാതെ പക്വമായ രീതിയിൽ അന്യോന്യം സംസാരിച്ച് അതിനൊരു പരിഹാരം കണ്ടെത്തേണ്ടതാണ്. പല സാഹചര്യങ്ങളെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകളെ വിശാലമാക്കുവാനായി വ്യത്യസ്ത അഭിപ്രായങ്ങളെ ദൈവത്തിന് ഉപയോഗിക്കാൻ സാധിക്കും. ഒരു വിഷയത്തെപ്പറ്റി പരസ്പരം സംസാരിച്ചശേഷം ഭർത്താവ് ചിലപ്പോൾ തന്റെ മനസ്സ് മാറ്റിയേക്കാം. അല്ലെങ്കിൽ പ്രശ്നം പരിഹരിക്കാൻ പുതിയ വഴി നിങ്ങളുടെ മുമ്പിൽ തുറന്നുകാട്ടിയേക്കാം.

സഭാകാര്യങ്ങളെല്ലാം മൂപ്പന്മാരുടെ അധീനതയിൽ വരുന്നവയാണ്. ഒരു ഭാര്യയെന്ന നിലയിൽ നാം അതിലൊന്നും ഇടപെടേണ്ടതില്ല. ഒരു സ്ത്രീയുടെ വീക്ഷണം എന്താണെന്നു ഭർത്താവിനോട് എല്ലായ്പ്പോഴും പങ്കുവയ്ക്കാവുന്നതാണ്. എന്നാൽ ഒരു സഭയിലെ സഹമൂപ്പനാകാതിരിക്കാൻ ഭാര്യ ശ്രദ്ധിക്കേണ്ടതാണ്. വെളി:2:20-ൽ അവിടുത്തെ മൂപ്പന്റെ ഭാര്യയായ ഈസബേലിനെ ദൈവം 'കള്ളപ്രവാചകി' എന്ന് വിളിക്കുന്നതായി നാം വായിക്കുന്നു. അവൾ സഭയ്ക്കു ദോഷം

ചെയ്തു. അതിനാൽ നാം ജാഗ്രത യോടെ പെരുമാറുക.

ഒരു സഭയിൽ കെട്ടുറപ്പുള്ള കുടും ബങ്ങൾ ഉണ്ടെങ്കിൽ ആ സഭ കെട്ടു റപ്പുള്ള സഭയായിത്തീരും. ഒരുമ യുള്ള കുടുംബങ്ങളുള്ള സഭയെ പാതാളഗോപുരങ്ങൾ ജയിക്കയില്ല. ആകയാൽ നമുക്ക് നമ്മുടെ സഭ യുടെ ഐക്യം കാത്തുസൂക്ഷിക്കാൻ സാധ്യമായതെല്ലാം ചെയ്യാം. അങ്ങനെ ഒരു ഐക്യം പടുത്തു യർത്താൻ വർഷങ്ങൾ എടുത്തേ ക്കാം. എന്നാലും പരിശ്രമിക്കുക. തന്റെ പരിശുദ്ധാത്മാവിനാൽ അത് നേടിയെടുക്കുവാൻ ദൈവം നമ്മെ സഹായിക്കും. ആ കത്തീഡ്രലിന്റെ കഥയോർക്കുക. ഒരുപക്ഷേ അനേക വർഷങ്ങൾ എടുക്കുമായിരിക്കും പണി പൂർത്തികരിക്കുവാൻ. എന്നാലും അത് നടക്കും.

നമ്മുടെ ഭർത്താവ് ചെയ്യുന്ന എല്ലാകാര്യങ്ങളും അതുപോലെ സ്വീകരിക്കാൻ നമുക്ക് കഴിഞ്ഞെന്ന് വരികയില്ല. എന്നാൽ നമ്മുടെ കുഞ്ഞുങ്ങളുടെ മുമ്പിൽ വച്ച് സംസാരിക്കാതെ നാമും, ഭർത്താവും മാത്രമുള്ളപ്പോൾ ഇക്കാര്യം സംസാ രിച്ച് തീർക്കണം. ഇത്തരം ചർച്ചക ളെല്ലാം തന്നെ മറ്റുവ്യക്തികളാരും നമ്മുടെ അടുത്ത് ഇല്ലാത്തപ്പോഴോ, അല്ലെങ്കിൽ കുഞ്ഞുങ്ങൾ ഉറങ്ങിക്ക ഴിഞ്ഞോ ആയിരിക്കണം. അഭിപ്രാ യവ്യത്യാസം സംസാരിച്ചുതീർക്കു മ്പോൾ പക്വമായ രീതിയിൽ അത് പരിഹരിക്കാൻ ശ്രമിക്കണം.

ഭാര്യയുടെയും ഭർത്താവിന്റെയും ഇടിയിൽഅസ്വസ്ഥതകൾ ഉണ്ടെ ങ്കിൽ കുട്ടികൾ അത് മനസ്സിലാക്കും. അവർക്ക് അരക്ഷിതത്വബോധം ഉണ്ടാകും. ഈ സമയം അവർ ന മ്മിൽ നിന്ന് കൂടുതൽ ശ്രദ്ധയും മറ്റ് അനാവശ്യ കാര്യങ്ങളും ആവശ്യപ്പെ ടാൻ തുടങ്ങും.

നിങ്ങൾ കോപാകുലയായിരി ക്കുന്ന സമയത്ത് മൗനമായിരിക്കുക എന്നതാണ് ഏറ്റവും ഉത്തമമായ രീതി. നിങ്ങൾ എന്തെങ്കിലും സംസാ രിക്കുന്നതിനുമുമ്പ് മനസ്സിനെ ശാന്ത മാക്കാനും, ഹൃദയത്തെ തണുപ്പി ക്കാനും ദൈവത്തോട് സഹായം ചോദിക്കുക.

നിങ്ങളുടെ കുഞ്ഞുങ്ങൾ വിവാ ഹിതരായാൽ അവർക്കിഷ്ടമുള്ള രീതിയിൽ വീട്ടുകാര്യങ്ങൾ നടത്താ നായി അവരെ അനുവദിക്കുക. എപ്പോഴും ഉപദേശവുമായി പിന്നാലെ പോകരുത്. അങ്ങനെയെ ങ്കിൽ അവർ നിങ്ങളെ ബഹുമാനി ക്കും. അവരുടെ മക്കളോട് (നമ്മുടെ കൊച്ചുമക്കളോട്) ഇടപെടാൻ നമുക്ക് ധാരാളം ജ്ഞാനം ആവശ്യ മാണ്. ഒരുകാര്യം ഓർമ്മിക്കുക. നിങ്ങൾ നിങ്ങളുടെ മക്കളെ നിങ്ങ ളുടെ രീതിയിൽ വളർത്തി. ഇനി അവരുടെ മക്കളെ അവരുടെ രീതി യിൽ വളർത്താൻ നിങ്ങൾ അവരെ അനുവദിക്കുക. നിങ്ങൾ അതിൽ ഇട പെടേണ്ട. അങ്ങനെ നിങ്ങൾക്ക് അവ രുമായി സ്നേഹത്തിലും ഐക്യത യിലും വസിക്കാൻ സാധിക്കും. എന്നിരുന്നാലും അവർക്ക് നിങ്ങളുടെ സഹായം ആവശ്യമുള്ള സന്ദർഭങ്ങ ളിൽ സഹായിപ്പാൻ നിങ്ങൾ സന്ന ദ്ധയായിരിക്കുക. ഒരുകാര്യം ഓർക്കുക: അവർ ചോദിച്ചെങ്കിലേ അവരെ ഉപദേശിക്കാൻ പോകാവൂ.

(തുടരും)

മൊഴിമാറ്റം : **റാണി**

ഓട്ടം തികച്ച്

# വിയറ്റ്നാമിൽ വിശ്വാസത്തിനുവേണ്ടി

**വി**യറ്റ്നാമിൽ വിശ്വാസത്തിനു വേണ്ടി രക്തസാക്ഷികളായവർ. റൂത്ത് വിൽറ്റിംഗ്, ബെറ്റി ഓർസൻ, ഹാൻക്ബ്ലഡ് എന്നിങ്ങനെയായിരുന്നു അവരുടെ പേരുകൾ. ഇതിൽ റൂത്തും ബെറ്റിയും വനിതകൾ. ഹാൻക്ബ്ലഡാകട്ടെ മധ്യവയസ്കനായ ബൈബിൾ വിവർത്തകനും.

ഇവരിൽ റൂത്ത് വെടിയേറ്റു മരിച്ചു. ബെറ്റിയും ഹാൻക്ബ്ലഡും തടവുകാരായി വിയറ്റ്നാമിലെ കൊടുകാടുകളിലൂടെ യാത്രചെയ്യുന്നതിനിടെ അതികഠിനമായ പീഡനങ്ങൾ ഏറ്റുവാങ്ങി മരണമടഞ്ഞു. ഈ മൂന്നുപേരുടെയും ജീവത്യാഗത്തിന്റെ കഥകൾ പുറംലോകം അറിഞ്ഞത് ഇവരോടൊപ്പം ജീവിക്കുകയും പീഡനങ്ങൾ അനുഭവിക്കുയും ചെയ്ത ശേഷം ഒടുവിൽ അഞ്ചുവർഷങ്ങൾ കഴിഞ്ഞ് സ്വതന്ത്രനായ മൈക്ക് ബെൻഗേയുടെ ഓർമക്കുറിപ്പുകളിൽ നിന്ന്.

അമേരിക്കക്കാരായ റൂത്തും ബെറ്റിയും ഹാൻക്ബ്ലഡും വിയറ്റ്നാമിൽ മിഷനറിമാരായി സേവനം അനുഷ്ഠിച്ചവരായിരുന്നു. മൈക്ക് ബെൻഗേയാകട്ടെ ഇവരോടൊപ്പം മിഷനറി കോമ്പൗണ്ടിൽ താമസിച്ച് ജോലിനോക്കിയിരുന്ന സാഹസികനായ ഒരു ചെറുപ്പക്കാരനും. വിയറ്റ്നാമിലെ ഒളിപ്പോരാളികൾ അമേരിക്കയ്ക്കെതിരെ നടത്തിയിരുന്ന യുദ്ധത്തിന്റെ ഇരകളായിത്തീർന്നത് മിക്കപ്പോഴും മിഷനറിമാരായിരുന്നു. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലാണ് ഈ സംഭവങ്ങൾ നടന്നത്.

കൃത്യമായി പറഞ്ഞാൽ 1968 ജനുവരി ഇരുപത്തി ഒൻപത്. വിയറ്റ്നാമിൽ പുതുവർഷാരംഭത്തിന്റെ തലേ രാത്രിയായിരുന്നു. ഐശ്വര്യത്തിന്റെയും സന്തോഷത്തിന്റെയും വർഷം എന്ന് കരുതപ്പെടുന്ന വാനരവർഷത്തെ വരവേല്ക്കാൻ വിയറ്റ്നാം ജനത തയ്യാറെടുക്കുന്ന സമയം.

എന്നാൽ ബെൻ-മെത്ത് ഔട്ട് എന്ന സ്ഥലത്ത് 'ക്രിസ്ത്യൻ ആൻഡ് മിഷനറി അലയൻസി'ലെ പത്തോളം മിഷനറിമാർ എന്തു സംഭവിക്കും എന്നു ഭയപ്പെട്ടു ശ്വാസം അടക്കി സമയം തള്ളി നീക്കുകയായിരുന്നു. ചുറ്റും വെടിപൊട്ടുന്ന ശബ്ദം അവർക്കു കേൾക്കാം. എന്നാൽ അതൊന്നും ആഘോഷത്തിന്റെ ഭാഗമല്ല എന്നവർക്കു നിശ്ചയമായിരുന്നു. കമ്യൂണിസ്റ്റ് ഒളിപ്പോരാളികളുടെ തോക്കുകളിൽ നിന്ന് ഉതിരുന്ന ശബ്ദമാണതെന്ന് അവർക്ക് അറിയാമായിരുന്നു!

പണ്ടു മുതലേ ചൈന മിഷനറിമാരെ ആകർഷിച്ചിരുന്നു. പക്ഷേ, പത്തൊൻപതാം നൂറ്റാണ്ടുവരേയും ചൈനയുടെ തെക്കുള്ള 'ഇൻഡോ ചൈന' എന്നറിയപ്പെടുന്ന പ്രദേശം ആരാലും ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. ലാവോസ്, കംബോഡിയ, വിയറ്റ്നാം

എന്നീ മൂന്ന് രാജ്യങ്ങൾ അടങ്ങുന്ന പ്രദേശമായിരുന്നു അത്. പ്രധാനമായും 'ക്രിസ്ത്യൻ ആൻഡ് മിഷനറി അലയൻസ്' എന്ന സംഘടന മുൻകയ്യെടുത്താണ് വിയറ്റ്നാമിൽ സുവിശേഷത്തിന്റെ വിത്തുകൾ വിതയ്ക്കുവാൻ ആരംഭിച്ചത്. ഈ സംഘടനയുടെ സ്ഥാപകനായിരുന്ന എ. ബി.സിംപ്സണ് ഇൻഡോ-ചൈനയെപ്പറ്റി ഒരു പ്രത്യേക ഭാരം ദൈവം നൽകിയിരുന്നു.

വിയറ്റ്നാമിന്റെ ചരിത്രത്തിൽ യുദ്ധമൊഴിഞ്ഞ ഒരു കാലം ഉണ്ടായിട്ടേയില്ല. എല്ലാ യുദ്ധത്തിന്റെയും തിക്തഫലം എന്നും അനുഭവിച്ചിരുന്നത് മിഷനറിമാരായിരുന്നു. 1800കളിൽ ഫ്രഞ്ചുകാർ അവിടം തങ്ങളുടെ കോളനി ആയി ഭരിച്ചിരുന്ന കാലത്ത് അവിടെ മിഷനറി പ്രവർത്തനം വിലക്കിയിരുന്നു. ഫ്രഞ്ചുകാരെ തുരുത്തി അധികാരം പിടിച്ചെടുത്ത ജപ്പാൻകാരാകട്ടെ തങ്ങളുടെ ആജ്ഞ അനുസരിക്കാത്ത മിഷനറിമാരെ വകവരുത്തി.

രണ്ടാം ലോകമഹായുദ്ധത്തിൽ ഏറ്റപരാജയത്തോടെ ജപ്പാൻകാർ 1945 ൽ വിയറ്റ്നാമിൽ നിന്നും പിന്മാറിയെങ്കിലും സമാധാനം ഒരു മരീചികയായി അവശേഷിച്ചു. 1946ൽ ഹോചിമിന്റെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് ഗറിലകൾ ഉത്തരവിയറ്റ്നാമിൽ നിന്ന് ഒളിപ്പോർ ആരംഭിച്ചു. വിയറ്റ്നാം ഒന്നടങ്കം കമ്യൂണിസ്റ്റ് സ്വാധീനത്തിൽ കൊണ്ടുവരാനായി അവർ ഒരു സായുധ വിപ്ലവത്തിന് തുടക്കം കുറിച്ചു. ദക്ഷിണ വിയറ്റ്നാമിലെ ഗവൺമെന്റ് ഈ കമ്യൂണിസ്റ്റ് മുന്നേറ്റത്തെ ചെറുക്കുവാനും ആരംഭിച്ചു. വിയറ്റ്നാം കമ്യൂണിസ്റ്റ് കരങ്ങളിൽ ആകുമെന്ന് ഭയന്ന് അമേരിക്ക ഇവിടെ സായുധമായി ഇടപെടാൻ തുടങ്ങി. അമേരിക്കൻ ഇടപെടലോടെ ഇത് ഒരു തുറന്ന യുദ്ധത്തിനു വഴി തെളിച്ചു. അമേരിക്കയുടെ സാന്നിധ്യം മിഷനറിമാരെയാണ് കുടുതൽ അപകടത്തിലാക്കിയത്. വിയറ്റ്നാം ഒളിപ്പോരാളികൾ തങ്ങളുടെ പ്രതികാരദാഹം തീർക്കാൻ മിഷനറിമാർക്ക് നേരെ തിരിഞ്ഞു. മിഷനറിമാർ അധികപങ്കും കേന്ദ്രീകരിച്ചിരുന്നത് പൊതുവെ ശാന്തമായിരുന്ന ദക്ഷിണ വിയറ്റ്നാമിലായിരുന്നു. എന്നാൽ ഒളിപ്പോരാളികൾ നുഴഞ്ഞ് കയറിയതോടെ അവിടവും സുരക്ഷിതമല്ലാതെയായി.

ബെൻ മെത്ത് ഔട്ട്, 'ക്രിസ്ത്യൻ ആൻഡ് മിഷനറി അലയൻസി'ന്റെ ഒരു പ്രധാന ആസ്ഥാനമായിരുന്നു. ചുറ്റുമുള്ള റാഡേ ഗോത്രവർഗ്ഗക്കാരുടെ ഇടയിലുള്ള സുവിശേഷ പ്രവർത്തനംലാക്കാക്കി ആരംഭിച്ച ഒരു കേന്ദ്രം. ഒരു ചെറിയ കുഷ്ഠരോഗാശുപത്രിയും അവിടെ പ്രവർത്തിച്ചിരുന്നു. കോമ്പൗണ്ടിനു പിന്നിലായി ദക്ഷിണ വിയറ്റ്നാമിന്റെ പട്ടാള താവളവുമുണ്ടായിരുന്നു. അതിനാൽ ഈ പ്രദേശം കമ്യൂണിസ്റ്റ് ഗറിലകൾ പ്രത്യേകം നോട്ടമിട്ടിരുന്നു.

പുതുവർഷപ്പുലരിയുടെ മറവിൽ ഒരു ആക്രമണം ഉണ്ടാവുമെന്നായിരുന്നു സൂചന. മിഷനറി കേന്ദ്രത്തിൽ താമസിച്ചിരുന്ന വൈക്ലിഫ് ബൈബിൾ വിവർത്തന സംഘടനയിലെ ഹാൻക് ബ്ലഡ് ഭാര്യയെയും കുഞ്ഞുങ്ങളെയും സമാധാനിപ്പിച്ചു കൊണ്ടിരുന്നു. വെടിയൊച്ച കേട്ടു ഭയപ്പെട്ട കുഞ്ഞുങ്ങളോട് 'ഇത് വിയറ്റ്നാം ജനതയുടെ ആഘോഷങ്ങളുടെ ഭാഗമാണെ'ന്ന് ബ്ലഡ് പറഞ്ഞ് ആശ്വസിപ്പിച്ചു. അതു സത്യമല്ലെന്ന് ഹാൻക് ബ്ലഡിനു തന്നെ അറിയാമായിരുന്നു.

*(ശേഷം പേജ് 38 ൽ)*



YOUTH SECTION

The Making of Peter the Disciple -VII

# DISCIPLES ACCEPT CORRECTION

Sandeep Poonen

We have been looking at Matthew 16:21-23 – we cannot be a disciple of Jesus and avoid the cross on which all of our selfish interests must die. Let us continue to look at this event and learn more about true discipleship.

**Get behind me Satan**

The devil takes on various forms in the New Testament:

∗ He can attack us in fearful power like a roaring lion (1 Peter 5:8)

∗ He can mislead us by coming as an angel of light, that justifies an unforgiving spirit towards the past sins of others, even after they repent (2 Corinthians 11:14)

∗ He can be an accuser who condemns God's people (Revelation 12:10)

∗ He can seduce us through the glories of this world (Matthew 6:24; Matthew 4:8)

∗ He can deceive us with a religious spirit by preying on our own selfish interests to influence how we respond to God's Word (Matthew 16:23)

We don't typically recognize the devil in all of these ways above. But to me, the most deceptive of all is the one that mixes the sacred and selfish.

There are only two occasions where Jesus rebuked the devil and asked him to leave immediately. One is recorded in Matthew 4:10 when the devil offered Jesus all the kingdoms of this world and their glory in exchange for His worship. And the other is here in Matthew 16, when the devil tempted Him through one of His closest disciples. **Now my sense is that most of us all quickly understand why Jesus rebuked the devil so strongly in Matthew 4. But I wonder if we recognize the same seriousness of pursuing our own interests at the expense of God's interests – and even when it comes from people who are serious**

**Christians**.

**You are not setting your mind on God's interests, but on man's interests**

Jesus talks about two masters – God and mammon. *Matthew 6:24 – No one can serve two masters; for either he will hate the one and love the other, or he will be devoted to one and despise the other. You cannot serve God and wealth*.

We see a similar distinction described here – between God's interest and our own interests. So I could re-purpose Matthew 6:24 in the context of Matthew 16:23 to say this: ***No one can serve God's interests and man's interests; for either he will hate the one and love the other, or he will be devoted to the one and despise the other. You cannot serve God's interests and man's interests!***

I do not know if we see our own selfish interests as being diametrically opposed to God's interests. Maybe that is why so many claim to be Christians but continue to do fulfill their selfish desires without remorse? The Bible is clear: The human heart is "*more deceitful than all else, and is desperately sick" (Jeremiah 17:9);* and in our human flesh dwells no good thing (Romans 7:18).

Also, even though Jesus was pure and without sin, He too had the choice to do His own will. But Jesus gave us the overall purpose of His life in this statement: "*For I have come down from heaven, not to do My own will, but the will of Him who sent Me (John 6:38)*.So it is clear that His own human will here on earth was not always automatically aligned with the Father's will. So Jesus had to LAY DOWN His own will for the will of the Father – and He did that consistently and without fail all His life.

In my own life, I have found that the hardest fight is to *always* lay down my selfish will. I find that it is hard to constantly go to God throughout the day and be fully open to offering up what I want to do. Maybe I'm sitting on the couch reading some articles on the Internet. But when I ask the Lord what He would have me do, I seem to hear Him tell me to call a brother in the church and encourage him. In such little things like that, I find that it is very difficult to lay down my own desires and do what the Holy Spirit seems to be telling me. It is very hard to be a servant.

This is a very simple example of where my will needs to be fully flexible for the Lord. Yes, I can justify myself that there is nothing wrong in my idle surfing on the Internet, and I can be correct in that. But the question is not about right and wrong, but whether I will deny what I want to do, and obey what the Holy Spirit telling me to do.

**Blessed are the rebuked**

We saw how Peter went from being blessed to being sternly rebuked, more sternly than anybody else in history – because he was reproved

from the most reliable Speaker of Truth, and nobody else got quite that harsh a rebuke.

**But maybe the best part of the story is what is not written in the text but that we know to be true: That Peter did not get offended and leave Jesus**.

Here, even in Peter's gross failing, we find the heart of a disciple that we don't see in a couple of other impressive-looking people:

∗ The rich young ruler is gently rebuked for the wealth that possesses and controls him, and he is asked by Jesus to give it all up to follow Him. But the rich young ruler leaves Jesus forever, grieving because Jesus identified the one area that the rich young ruler didn't want to let go off (Matthew 19:22)

∗ Judas was gently rebuked by Jesus when he tried to correct the woman for pouring the alabaster vial on the feet of Jesus. This incident caused him to get so offended, that he then sought to betray Jesus (John 12:1-8; Mathew 26:6-16)

It is never easy to be rebuked for anything. **But I find that it is most hard to receive and accept correction when we are rebuked in our attempts to be spiritual**. We think we must be credited for trying to be spiritual or trying to please God. But when we are rebuked or corrected in such moments, they are especially hard to take.

Where have you and I sought to please God and failed? Have we attempted to seek to please God in some act and it yet we get corrected in what we did? Then let us seek to learn from Peter. This is where we can learn from Peter's failures. If we look carefully, we will see the beautiful heart of Peter even amidst our mistakes.

**Conclusion:**

Peter and the disciples learned a critical lesson here. And we can learn it too. If I want to be a disciple of Jesus, I must follow Him no matter what it takes. Following Jesus ALWAYS entails a cross and a hammer and nails. Soif I want to be Jesus' disciple, I must carry the cross every day, and follow in His footsteps when He was on this earth. Every single day, Jesus always said no to His own will when it crossed God's will. And that is the calling in front of me. I too am asked to say NO to every temptation that tells me to do my own will and not the will of God.

So what is God's will? The will of God is most clear in the areas that He has clearly commanded us in the Bible. There is no doubt what God's will is as it relates to the temptations like anger (Matthew 5:27-32), lust (Matthew 5:21-26), judgment (Matthew 7:1), un-forgiveness (Matthew 6:14-15), gossip (2 Timothy 3:1-5), bad moods (Philippians 4:4), anxiety (Matthew 6:25-34; Philippians 4:6), etc.

If you are like me, the cross on which all of these sins must always die

# വിയറ്റ്നാമിൽ വിശ്വാസത്തിനുവേണ്ടി

*34-ാം പേജിൽ നിന്നു തുടർച്ച*

മിഷനറി കോമ്പൗണ്ടിൽ മറ്റൊരു സ്ഥാനത്ത് ബെറ്റി ഓൾസൻ, റൂത്ത് വിൽറ്റിംഗ് എന്നീ വനിതകൾ അടുത്തടുത്തു വരുന്ന വെടിയൊച്ച കേട്ട് തങ്ങളെത്തന്നെ നിർഭയരായി സൂക്ഷിക്കുവാൻ പണിപ്പെടുകയായിരുന്നു. റൂത്ത് വിൽറ്റിംഗിന്റെ മുഖത്ത് കഴിഞ്ഞകാല ഓർമ്മകൾ പെട്ടെന്നു കരിനിഴൽ വീഴ്ത്തി. ആറുവർഷം മുൻപ് 1962ൽ ഇതുപോലെയുള്ള ഒരു രാത്രിയിൽ സംഭവിച്ചത് അവൾ ഓർത്തുപോയി. മിഷനറി അലയൻസിന്റെ മറ്റൊരു കുഷ്ഠരോഗാശുപത്രിയിൽ സേവനം അനുഷ്ഠിക്കുകയായിരുന്നു അന്ന് റൂത്ത്. തന്റെ വിവാഹം ഏതാനും ദിവസത്തിനുള്ളിൽ നടക്കും. അതിന്റെ ഒരുക്കത്തിലായിരുന്നു അവൾ. സഹപ്രവർത്തകനായ ഡാൻ ഗെർബറാണ് പ്രതിശ്രുത വരൻ. ഒരുമിച്ചു കർത്താവിനെ സേവിക്കാൻ ആഗ്രഹിച്ചിരുന്ന രണ്ടു ഹൃദയങ്ങളായിരുന്നു അവരുടേത്. എന്നാൽ ഒളിപ്പോരാളികൾ ഓർക്കാപ്പുറത്ത് അഴിച്ചുവിട്ട മിന്നാലാക്രമണത്തിൽ ഡാൻ ഗെർബർ പിടികൂടപ്പെട്ടു. റൂത്ത് വിൽറ്റിംഗ് കഷ്ടിച്ചു രക്ഷപ്പെട്ടു. അവൾ ബെൻമെത്ത് ഔട്ടിലെ മിഷനറി ആസ്ഥാനത്ത് എത്തിപ്പെട്ടു. എന്നാൽ പിന്നീട് ഒരിക്കലും അവൾ ഡാൻ ഗെർബറെ കണ്ടിട്ടേയില്ല. ഓർമ്മകളുടെ നടുക്കത്തിൽ റൂത്ത് വിതുമ്പിപ്പോയി.... ഇന്ന് ആ കാളരാത്രിയുടെ ആവർത്തനം ആകുമോ? അവൾ പ്രാർത്ഥിച്ചുകൊണ്ടു ധൈര്യം അവലംബിച്ചു.

അടുത്തുവരുന്ന വെടിയൊച്ചയ്ക്കു കാതോർത്ത് മിഷനറി ആസ്ഥാനത്തു നിന്നിരുന്ന മറ്റൊരു ചെറുപ്പക്കാരനെകൂടെ നമുക്കു പരിചയപ്പെടാം. അദ്ദേഹമാണ് മൈക്ക് ബെൻഗേ. മൈക്ക് ബെൻഗേയെ വിയറ്റ്നാമിലേക്ക് കൊണ്ടുവന്നത് മിഷനറി താല്പര്യം ആയിരുന്നില്ല. വിയറ്റ്നാമിലെ ഗ്രാമീണരെ നവീന കൃഷിരീതികൾ അഭ്യസിപ്പിക്കുവാൻ വന്ന അമേരിക്കൻ ഗവൺമെന്റിന്റെ സന്നദ്ധസേവനസംഘടനയിലെ അംഗമായിരുന്നു മൈക്ക്. വിയറ്റ്നാം സംസ്കാരത്തെ അടുത്തറിയുവാൻ കൂടി ആണ് മൈക്ക് എത്തിയത്. തന്റെ പ്രവർത്തനമേഖലയായി അദ്ദേഹം തെരഞ്ഞെടുത്തത് ബെൻമെത്ത്ഔട്ട് ആയിരുന്നു.(തുടരും)

❖

---

is very daunting. The thought of a lifestyle committed to taking up my cross daily and nailing all of these temptations perpetually to the cross seems too painful.

But this is the clear call for discipleship. And the Message Bible paraphrases *Luke 14:27-30*this way: *Anyone who won't shoulder his own cross and follow behind me can't be my disciple.Is there anyone here who, planning to build a new house, doesn't first sit down and figure the cost so you'll know if you can complete it? If you only get the foundation laid and then run out of money, you're going to look pretty foolish. Everyone passing by will poke fun at you: 'He started something he couldn't finish.'*

So let us sit down and slowly and purposefully count the cost, to see if we are really ready to answer His call to be His disciples.

❖

# എഡിറ്റോറിയൽ തുടർച്ച ........

നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും സന്തോഷത്തിലേക്കും കൈപിടിച്ചുയർത്താൻ ദൈവം തന്റെ സ്നേഹത്തിലാണ് മൂന്നു കാര്യങ്ങൾ ഉപേക്ഷിക്കണമെന്നും പകെയ്ക്കണമെന്നും ക്രൂശിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നത്. ഈ വസ്തുത കാണാതെ, ശിഷ്യത്വ ജീവിതം നമ്മുടെ ജീവിതത്തിന്റെ സന്തോഷം കവർന്നു കളയുമെന്നു ഭയപ്പെടുമ്പോൾ നാം ദൈവസ്നേഹത്തെ സംശയിക്കുകയാണ്.

ദൈവസ്നേഹത്തെ സംശയിക്കുമ്പോൾ നാം പിതൃസ്നേഹത്തെ തന്നെയാണ് സംശയിക്കുന്നത്. കാരണം അവിടുന്നു നമ്മുടെ സ്വർഗീയ പിതാവാണ്. പിതാവിനെ അനുസരിക്കാൻ തീരുമാനിക്കുന്ന ഒരു മകന്റെ ജീവിതത്തേയും ഒരു പിതാവും ദുസ്സഹമാക്കി മാറ്റുകയില്ല. മറിച്ച് തന്നെ അനുസരിക്കാൻ തീരുമാനിക്കുന്ന മകന്റെ ജീവിതത്തെ എത്രയും മനോഹരമാക്കിത്തീർക്കാനേ ഏതു പിതാവും ശ്രമിക്കുകയുള്ളു. ഒരു ഉദാഹരണം ഇങ്ങനെ പറയാം. ഒരു പിതാവ് വൈകുന്നേരം ഓഫീസ് വിട്ടു വീട്ടിൽ വന്നു സമാധാനമായി പത്രം വായിച്ചു ചാരുകസേരയിൽ കിടക്കുകയാണ്. അപ്പോൾ ആറു വയസ്സുകാരൻ മകൻ മെല്ലെ ഡാഡിയെ സമീപിച്ച് ഇങ്ങനെ പറയുന്നുവെന്നു സങ്കല്പിക്കുക: "ഡാഡി, എന്നോടു ക്ഷമിക്കണം. കഴിഞ്ഞ ദിവസങ്ങളിലൊക്കെ ഡാഡി പറഞ്ഞത് ഒന്നും അനുസരിക്കാതെ ഞാൻ ഒരു അസരണംകെട്ടവനായി നടന്നു. എന്നാൽ ഇന്നു മുതൽ അങ്ങനെയുണ്ടാവുകയില്ല. ഇന്നു മുതൽ ഡാഡി പറയുന്നതെല്ലാം ഞാൻ പൂർണ്ണമായി അനുസരിച്ചുകൊള്ളാം." ഇതു കേൾക്കുന്ന പിതാവിന്റെ മനസ്സിലൂടെ കടന്നുപോകുന്ന ചിന്ത എന്തായിരിക്കും? "ആഹാ! ഒടുവിൽ ഇവനെ എന്റെ കയ്യിൽ കിട്ടി. ഞാൻ എന്തു പറഞ്ഞാലും ഭാവിയിൽ അനുസരിച്ചുകൊള്ളാമെന്നാണല്ലോ ഇവൻ പറഞ്ഞത്. അതുവച്ച് എനിക്ക് ഇവനെ പരമാവധി ചൂഷണം ചെയ്യണം. കർശനമായ കൽപനകൾ നൽകി ഞാൻ ഇവന്റെ ഭാവിജീവിതത്തെ തീർത്തും ദുസ്സഹമാക്കും. അനുസരിക്കാമെന്ന ഇവന്റെ തീരുമാനം വച്ചു ഞാനിവനെ പരമാവധി മുതലെടുക്കും"- ഇങ്ങനെയായിരിക്കുമോ ആ പിതാവു ചിന്തിക്കുന്നത്? ഇല്ല, ഒരിക്കലുമില്ല. ഒരു പിതാവും അങ്ങനെ ചിന്തിക്കുകയില്ല. മറിച്ച് ആ പിതാവ് അതീവസ്നേഹത്തോടെ ആ മകനെ വാരിയെടുത്തു മാർവിലണയ്ക്കും. തന്നെ അനുസരിക്കാൻ തീരുമാനിച്ച മകന്റെ ഭാവിജീവിതം ഏറ്റവും ശോഭനപൂർണമാക്കാൻ ആ പിതാവ് പദ്ധതികൾ ആവിഷ്കരിക്കും. ലോകത്തിലെ ഒരു പിതാവിന്റെ മനോഭാവം ഇങ്ങനെയായിരിക്കുമെങ്കിൽ നമ്മുടെ സ്വർഗീയ പിതാവിന്റെ മനോഭാവം പതിന്മടങ്ങു ശ്രേഷ്ഠമായിരിക്കുകയില്ലേ?. തീർച്ചയായും. ശിഷ്യത്വത്തിന്റെ, ഒറ്റനോട്ടത്തിൽ പ്രയാസമേറിയതെന്നു തോന്നുന്ന കല്പനകൾ അവിടുന്നു നമുക്കു നൽകിയിരിക്കുന്നതു നമ്മുടെ ജീവിതം അരിഷ്ടസമ്പൂർണമാക്കാനല്ല, മറിച്ച് അത് അങ്ങേയറ്റം ശോഭനമാക്കാൻ വേണ്ടിയാണ്. "അല്ലാതെ അവന്റെ കൽപനകൾ ഭാരമുള്ളവയല്ല." (1 യോഹ.5:3)

ദൈവം, നമ്മെ ഭാരപ്പെടുത്താനല്ല മറിച്ച് നമ്മെ സ്വാതന്ത്ര്യത്തിലേക്കു

കൊണ്ടുവരാനാണു ശിഷ്യത്വത്തിന്റെ കല്പന തന്നതെന്ന് അതിന്റെ വ്യവസ്ഥകൾ ഒന്നൊന്നായി ഇഴവിടർത്തി പരിശോധിച്ചാൽ നമുക്കു വ്യക്തമാകും. ഒന്നാമത്തെ വ്യവസ്ഥ അപ്പൻ, അമ്മ, ഭാര്യ, മക്കൾ, സഹോദരന്മാർ, സഹോദരികൾ എന്നീ അടുത്ത ബന്ധങ്ങളോടുള്ള കർശനമായ ഒരു നിലപാടാണ്. ഇന്നു ബന്ധങ്ങൾ പലപ്പോഴും ബന്ധനങ്ങൾ ആകാറുണ്ട്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരു ഇളവില്ല. കാരണം കർത്താവ് ഒരുവന്റെ ജീവിതത്തിൽ ഒന്നാം സ്ഥാനത്തിൽ കുറഞ്ഞ ഒന്നും കൊണ്ടു തൃപ്തിപ്പെടുകയില്ല. 'ഒന്നുകിൽ അവിടുന്ന് ഒരുവനു പൂർണമായ അർത്ഥത്തിൽ കർത്താവായിരിക്കും (കർതൃത്വം നടത്തുന്നവൻ), അല്ലെങ്കിൽ അവിടുന്നു കർത്താവേയല്ല' എന്നു പറയാറുണ്ടല്ലോ. തന്നെ അനുഗമിക്കുന്നതിനു തടസ്സമായി വരുന്ന ബന്ധങ്ങളോട് ഒത്തു തീർപ്പില്ലാത്ത നിലപാട് സ്വീകരിക്കുന്നതിനെക്കുറിച്ച് യേശു ലൂക്കോസ് 9:57-62ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും ഇതിനോടു കൂട്ടിവായിക്കേണ്ടതാണ്. 'മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ,' 'കലപ്പയ്ക്കു കൈവച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാകുന്നവനല്ല' എന്നെല്ലാം അവിടെ കർത്താവു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം അപ്പനും അമ്മയ്ക്കും ഭാര്യയ്ക്കും മക്കൾക്കും ബന്ധുക്കൾക്കും കടപ്പെട്ടതു ചെയ്യേണ്ട എന്ന അർത്ഥത്തിലല്ല. മറിച്ച് കർത്താവിന് ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുക്കുന്നവന്റെ ജീവിതത്തിൽ സ്വാഭാവികമായി തന്നെ മറ്റു ബന്ധങ്ങളും അതിന്റെ ശരിയായ സ്ഥാനത്തുവന്നുകൊള്ളും. അല്ലാതെ, അപ്പനും അമ്മയ്ക്കും ഉപകാരമായി വരേണ്ടത് വഴിപാട് എന്നർത്ഥമുള്ള 'കൊർബ്ബാൻ' എന്നു പറഞ്ഞാൽ മേലാൽ അവർക്ക് ഒന്നും ചെയ്യേണ്ട എന്ന യെഹൂദന്റെ തന്ത്രമല്ല (മർക്കോ.7:11,12) ഒരു ക്രിസ്തു ശിഷ്യൻ കയ്യാളുന്നത്. മാത്രമല്ല സാധാരണ ഒരാൾ അപ്പൻ, അമ്മ, ഭാര്യ, മക്കൾ തുടങ്ങിയ ബന്ധുക്കൾക്കു വേണ്ടി ചെയ്യുന്നതിലേറെ കാര്യങ്ങൾ ഫലത്തിൽ ഒരു ക്രിസ്തുശിഷ്യൻ സ്വാർത്ഥതയില്ലാതെ നിറവേറ്റും. അതുപോലെ ബന്ധങ്ങളിൽനിന്ന് ഒരു മുതലെടുപ്പിനും അവൻ തയ്യാറാവുകയില്ല. അവൻ മനുഷ്യരെ മനുഷ്യരായിത്തന്നെ കാണും, മരങ്ങളെപ്പോലെയല്ല (മർക്കോ.8:22-25). പലരും ബന്ധുക്കളെ 'പണം കായ്ക്കുന്ന മരങ്ങളെ'പ്പോലെ കാണുന്ന ഒരു കാലഘട്ടമാണിത്. എന്നാൽ സ്വാർത്ഥതയില്ലാത്തതിനാൽ ഒരു ക്രിസ്തുശിഷ്യൻ അവരിൽനിന്ന് ഒരു മുതലെടുപ്പിനു തയ്യാറാവുകയില്ല. നോക്കുക: ബന്ധുക്കൾക്കു ചെയ്യേണ്ടതു ചെയ്യാനും അതേസമയം അവരെ മുതലെടുക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യത്തിലേക്ക് ഒരുവൻ വരുന്നത് അവൻ കർത്താവിന്റെ ശിഷ്യത്വത്തിന്റെ കല്പനയനുസരിച്ചു ബന്ധുക്കളെ പകയ്ക്കുമ്പോഴാണ് എന്നത് അദ്ഭുതകരമല്ലേ?

ശിഷ്യത്വത്തിന്റെ രണ്ടാമത്തെ കല്പന 'നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളത് ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് അവന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല' എന്നതാണ്. 'തനിക്കുള്ളത് ഒക്കെയും വിട്ടുപിരിയുക' എന്നാൽ എല്ലാം ഉപേക്ഷിച്ച് യോഹന്നാൻ സ്നാപകനെപ്പോലെ മരുഭൂമിയിലേക്കു പോയി ഒരു വൈരാഗി (Ascetic)ആകുക എന്നതല്ല. യേശു മരുഭൂമിയിലല്ല മനുഷ്യരുടെ ഇടയിൽ അവരിൽ ഒരാളായിത്തന്നെയാണു കഴിഞ്ഞത്. എന്നാൽ അവിടുത്തേക്കു അവരോടൊപ്പം കഴിയുമ്പോഴും തനിക്കുള്ളവയോട് (posessions) പ്രിയം ഉണ്ടായിരുന്നില്ല. നമുക്കും മനസ്സുകൊണ്ടു

നമ്മുടെ വസ്തുവകകളോട് ഒരു വേർപിരിയൽ ഉണ്ടാകുന്നതിനെയാണ് 'തനിക്കുള്ളതൊക്കെയും വിട്ടുപിരിയുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഇന്നു വിശ്വാസലോകത്ത് ഒരു കൈകൊണ്ട് ദൈവത്തേയും മറ്റേകൈകൊണ്ട് ഭൗതികവസ്തുക്കളെയും ചേർത്തു പിടിക്കാനാണു പലർക്കും താല്പര്യം. സമൃദ്ധിയുടെ സുവിശേഷവും മറ്റും ഈ താല്പര്യത്തിനു വളം വച്ചുകൊടുക്കുകയും ചെയ്യുന്നു. എന്നാൽ ദൈവവചനം ഇക്കാര്യത്തിൽ എത്രയും വ്യക്തമാണ്: "ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല' (1യോഹ. 2:15). വാസ്തവത്തിൽ ദൈവത്തോടൊപ്പം വസ്തുവകകളെയും സ്നേഹിക്കുന്ന വിശ്വാസി ഇരുതോണിയിൽ കാൽചവുട്ടി നിൽക്കുന്നതുകൊണ്ട് എപ്പോഴും വളരെ അരിഷ്ടനാണ്. ക്രിസ്തീയ ജീവിതത്തിന്റെ സന്തോഷവും സ്വാതന്ത്ര്യവും അവന് അന്യമാണ്.

ലോകം ഉപദേശിക്കുന്നത് കൂടുതൽ കാര്യങ്ങൾ സ്വന്തമാക്കി സന്തോഷം വർദ്ധിപ്പിക്കാനാണ്. പക്ഷേ കൈയിലുള്ളവയുടെ എണ്ണം കൂടുന്തോറും ഒരുവന്റെ സന്തോഷം കൂടുകയല്ല നഷ്ടപ്പെടുകയാണ്. ഈ സത്യം തന്റെ ശിഷ്യന്മാരെ പഠിപ്പിക്കാൻ ഒരു ഗുരു ഒരു കൊച്ചു കുഞ്ഞിനെ വിളിച്ച് അവന്റെ ഉള്ളം കയ്യിൽ ഒരു മിഠായി വച്ചുകൊടുത്തു. കുഞ്ഞു സന്തോഷം കൊണ്ട് തുള്ളിച്ചാടി. അപ്പോൾ ഗുരു ഒരു കൈ നിറയെ മിഠായി വാരി അവന്റെ കൊച്ചുകൈവെള്ളയിൽ വച്ചുകൊടുത്തു. തന്റെ കുഞ്ഞിക്കൈയിൽ നിന്ന് മിഠായികൾ താഴെപ്പോകാതെ അവൻ അതു മുറുകെപ്പിടിച്ചു. പക്ഷേ ഇപ്പോൾ അവന്റെ തുള്ളിച്ചാട്ടം അവസാനിച്ചു. അവന്റെ നടപ്പിന്റെ വേഗം കുറഞ്ഞു. എപ്പോഴാണു മിഠായികൾ താഴെപ്പോകുന്നത് എന്ന പേടി അവനെ ഗ്രസിച്ചു. നോക്കുക: ഏറെയുള്ളതല്ല ഒരുവനെ സന്തുഷ്ടനാക്കുന്നത്. Less luggage, more comfort (കുറച്ച് സാധനങ്ങൾ, കൂടുതൽ സുഖം) എന്ന ആപ്തവാക്യം പോലെയാണു വാസ്തവത്തിൽ കാര്യങ്ങൾ. ക്രിസ്തീയജീവിതം ഒരു തീർത്ഥാടകന്റെ പ്രയാണമാണ്. ഇവിടെ 'അല്പം അപ്പം വിശക്കിൽ, സ്വല്പം വെള്ളം ദാഹിക്കിൽ' എന്നതായിരിക്കട്ടെ നമ്മുടെ പാട്ട്. ഉവ്വ്, വസ്തുവകകളോടുള്ള പറ്റുമാനം നമ്മുടെ സന്തോഷത്തെയും സ്വാതന്ത്ര്യത്തെയും വലിയ അളവിൽ അപഹരിച്ചുകളയും എന്നതുകൊണ്ടാണു ശിഷ്യത്വത്തിന്റെ രണ്ടാമത്തെ കല്പനയായി 'തനിക്കുള്ളതൊക്കെയും വിട്ടുപിരിയണം' എന്നു കർത്താവ് ആവശ്യപ്പെട്ടത്.

ശിഷ്യത്വത്തിന്റെ മൂന്നാമത്തെ കല്പന 'സ്വന്തജീവനെയും കൂടിപകച്ച് നാൾതോറും തന്റെ ക്രൂശെടുത്തു കർത്താവിനെ അനുഗമിക്കുക' എന്നതാണ്. സ്വയജീവൻ എന്നത് ഒരുവനു തന്നെക്കുറിച്ചുതന്നെയുള്ള മതിപ്പാണ്. അതിനെ പകെയ്ക്കുക എന്നാൽ സ്വയത്തെ (self) മരണത്തിന് ഏല്പിക്കുകയാണ്. ഇവിടെ ശ്രദ്ധിച്ചോ, കർത്താവ് നമ്മോട് ആവശ്യപ്പെടുന്നതു ദിനന്തോറും നമ്മുടെ ക്രൂശെടുക്കാനാണ്. ദൈവേഷ്ടത്തിനെതിരെ വരുന്ന സ്വന്ത ഇഷ്ടത്തെ ദിനംതോറും നാം മരണത്തിന് ഏല്പിക്കണം. ഇതു ദിനന്തോറും മരണത്തെ അറിയുന്നതാണ്. 'യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിനു യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു. ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിനു ജീവിച്ചിരിക്കുന്ന ഞങ്ങൾ എല്ലായ്പോഴും യേശു നിമിത്തം മരണ

ത്തിൽ ഏല്പിക്കപ്പെടുന്നു' എന്നാണു പൗലോസ് ഈ അനുഭവത്തെ വിവരിക്കുന്നത് (2കൊരിന്ത്യ 4:10,11).

സ്വയത്തെ ദിനന്തോറും മരണത്തിന് ഏല്പിക്കുക എന്നൊക്കെ പറഞ്ഞാൽ ഇന്നു ക്രിസ്തീയ ലോകത്തെ സാധാരണ വിശ്വാസികൾക്ക് അതെല്ലാം ഒരു കടങ്കഥപോലെയാണു തോന്നുക. കാരണം വിശ്വാസിയാണെന്ന് അവകാശപ്പെടുമ്പോൾ തന്നെ ഊതിവീർപ്പിക്കപ്പെട്ട ഒരു സ്വയത്തിന്റെ (self) അടിമകളാണവർ. അവർക്ക് അവരവരെക്കുറിച്ചു തന്നെ ഒരു മതിപ്പുണ്ട്. അതിനു നേരിയ പോറലെങ്കിലും ഏല്ക്കുന്നത് അവർ സഹിക്കുകയില്ല. അപ്പോൾ പിന്നെ സ്വന്ത ഇഷ്ടത്തിനു മരിക്കുകയെന്നൊക്കെ പറഞ്ഞാൽ അവർക്കതു മനസ്സിലാകാതെ പോകുന്നതിൽ എന്തദ്ഭുതം?. വാസ്തവത്തിൽ 'സ്വയം ഒരു നല്ല ദാസനും ചീത്ത യജമാനനു'മാണ്. സ്വയത്തെ നാം ദാസനാക്കിയാൽ അതിന്റെ കഴിവുകളെ, സാധ്യതകളെ, ദൈവരാജ്യത്തിനായി നമുക്കു പ്രയോജനപ്പെടുത്താം. എന്നാൽ ഈ സ്വയത്തെ നാം യജമാനനാക്കിയാൽ, ഒരു ചീത്തയജമാനനെപ്പോലെ ഈ സ്വയം നമ്മെ ഭരിക്കുകയും നമ്മുടെ ജീവിതത്തെ അരിഷ്ടതനിറഞ്ഞതാക്കുകയും ചെയ്യും.

സ്വയത്തിന്റെ ഈ ഭരണത്തിൽ നിന്നു നമ്മെ മോചിപ്പിക്കാനും നമ്മുടെ ജീവിതത്തെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും ദൈവം ആഗ്രഹിക്കുന്ന സന്തോഷത്തിലേക്കും കൊണ്ടുവരുവാനുമാണ് യേശു ശിഷ്യത്വത്തിന്റെ മൂന്നാമത്തെ പടിയായി സ്വന്തജീവനെ പകയ്ക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

ചുരുക്കത്തിൽ യേശു മുന്നോട്ടു വച്ച ശിഷ്യത്വത്തിന്റെ മൂന്നു വ്യവസ്ഥകളും നമ്മുടെ ജീവിതത്തെ ഭാരപ്പെടുത്താനും ദുസ്സഹമാക്കാനും വേണ്ടിയുള്ളതല്ല. മറിച്ച് നമ്മെ സ്വതന്ത്രരാക്കാനുള്ളതാണ്. ബന്ധങ്ങളുടെയും വസ്തുവകകളുടെയും സ്വയത്തിന്റെയും ബന്ധനത്തിൽ നിന്നുള്ള സ്വാതന്ത്ര്യം. ശിഷ്യത്വത്തിന്റെ ഈ വഴി ഇടുക്കവും ഞെരുക്കവുമുള്ളതാണെന്നു പറയുമ്പോഴും ആന്തരികമായി ഇതു വിശാലമായ ഒരു രാജവീഥിയാണ്. പുറമെ നിന്നു നോക്കുന്നവർ ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ ഒരുവനെ ഞെരുക്കിക്കളയുമെന്നു വിചാരിക്കുമ്പോഴും ഇടുക്കവും ഞെരുക്കവുമുള്ള ഈ വഴിയിലൂടെ സഞ്ചരിക്കുന്നവർ ആന്തരികമായി ഒരു വലിയ വിശാലതയും സ്വാതന്ത്ര്യവും അനുഭവിച്ചറിയും. മറിച്ച് ശരാശരി ക്രിസ്ത്യനിയുടെ വഴി പുറമെ നിന്നു നോക്കുമ്പോൾ വിലക്കുകളില്ലാത്ത വിശാലമായ വഴിയായി തോന്നുമെങ്കിലും ആന്തരികമായി അവൻ കുറ്റബോധം മൂലവും ബന്ധങ്ങളുടെയും തന്റെ കൈവശമുള്ളതിന്റെയും തന്റെ തന്നെയും ഭാരം മൂലവും ഞെരുങ്ങി ജീവിക്കുന്നവനാണ്.

അർദ്ധമനസ്കനായ ഒരു ക്രിസ്ത്യാനിയാണു ലോകമനുഷ്യനെക്കാൾ അരിഷ്ടനായ മനുഷ്യൻ. അവന്റെ ആന്തരിക ജീവിതം ഞെരുക്കമുള്ളവഴിയാണ്. അതേസമയം പൂർണ മനസ്കനായ ഒരു ശിഷ്യനാണ് യഥാർത്ഥത്തിൽ സ്വതന്ത്രനും സന്തുഷ്ടനുമായ മനുഷ്യൻ. ആന്തരിക ജീവിതത്തിൽ ഏറെ വിശാലതയും സ്വാതന്ത്ര്യവും അവൻ അറിയുന്നു.

ഇതാണു സത്യം. ഈ 'സത്യം അറിയുക. സത്യം നിങ്ങളെ സ്വതന്ത്രരാക്കും.' (യോഹ. 8:32).

❖

## Thought for the month

# Does Jesus Know You?

**Santosh Poonen**

*"The kingdom of heaven will be comparable to ten virgins. Five of them were foolish, and five were prudent. When the foolish took their lamps, they took no oil with them, but the prudent took oil in flasks along with their lamps" (Matthew 25:1-13).*

Just after Jesus finished talking about being ready for His return (*Matthew 24*), He told this parable, which is a love story about His relationship with His Bride, the Church. He compares the wise virgins who are truly His Bride, with the foolish virgins who only pretend that they are His Bride. All of them had oil in their lamps at first, but only the wise carried an extra flask of oil with them. The foolish thought that the oil in their lamps was enough, not realizing that the Bridegroom would delay in his return. Eventually, the foolish ran out of oil, and even though they hurriedly tried to buy more oil, it was too late! The bridegroom came while they were gone, took His Bride with him, and shut the door.

Think about these foolish virgins for a moment: they were pure (virgins); they had lamps that shone in the darkness; they were looking forward to meeting the Bridegroom; and they enjoyed the company of others who were also waiting for the Bridegroom. This is the characteristic of many so-called Christians today: outwardly they appear to live holy lives; they love to talk about their devotion to God; they are eager to go to heaven; and they love going to church meetings with others who are just like them. But, the one thing they did not have was an extra bottle of oil. Toward the end of the story we see the spiritual meaning of having an extra bottle of oil, when the Bridegroom tells them, "I do not know you" (*Matthew 25:12*). *They* knew about Jesus, even calling Him, "Lord" (v11), but *He* didn't know them.

Obviously Jesus knows *about* these people, because He knows everything (Colossians 2:3). But He is talking about a deeper, more intimate ***knowing***, which only comes through spiritual **fellowship**. The wise virgins are those whom Jesus knows because they choose to spend time with Him: they go wherever He goes, they take up their cross like He did, they deny themselves like He did, etc. The foolish virgins, on the other hand, are content to simply call themselves "Christians", but aren't really serious about spending time with Jesus, living like He did, and partaking of His death. They talk about the doctrine of being married to Christ, and some can even teach others about being married to Christ. But, in secret, they aren't actually married to Christ. So, Jesus has to say that He does not know them.

This fellowship with Jesus is described as a fellowship in His sufferings (*Philippians 3:10*). And, here we see the secret to collecting oil in our flasks. Throughout Jesus' life on earth He made the choice to suffer – learning to obey (*Hebrews 5:8*); humbling himself below everyone else (*Philippians 2:8*); never pleasing Himself (*Romans 15:3*); doing only what the Father wanted Him to do (*John 5:19, 6:38*); etc. We too constantly face the choice of either the way of suffering or the way of pleasing ourselves. And, this suffering is in secret, just like it was for Jesus. This is what it means to have a hidden extra flask of oil. But, each time we follow Jesus, God pours more oil in our flask and we experience fellowship with Jesus.

And, in the midst of the darkness of our trial, Jesus whispers in love... "I *know* you!"

JEEVA MOZHIKAL RNI/KERBIL/-2003/21404
July 2017 www.jeevamozhikal.org
Annual Subscription Rs. 100/-

Registered No: KL/KTM/46/2015-17
Licence No KL/CR/KTM/WPP-48/2015-17
Licensed to post without prepayment
Date of Publication 28-06-2017

# ശുദ്ധഹൃദയത്തിന്റെ വില

വൃത്തിയുള്ള ഒരു വീടു നാമെല്ലാം ഇഷ്ടപ്പെടുന്നു. ഒരു വീടു വൃത്തിയുള്ളതാക്കാൻ വീട്ടമ്മ ജനലുകളിലേയും ഗൃഹോപകരണങ്ങളിലേയും പൊടി തുടച്ചു നീക്കുകയും വീടു ഭംഗിയുള്ളതാക്കാൻ ദിവസവും ചില മണിക്കൂറുകൾ തന്നെ മാറ്റിവയ്ക്കുകയും ചെയ്യുന്നു.

വൃത്തിയുള്ള ഒരുനഗരം നാം ഇഷ്ടപ്പെടുന്നു. നഗരത്തിന്റെ പാതയോരങ്ങൾ ഭംഗിയുള്ളതാക്കാൻ ദിവസവും ചപ്പുചവറുകൾ അടിച്ചു വാരുന്നു, ഒട്ടേറെ പണം ചെലവഴിച്ച് ഓടകൾ വൃത്തിയാക്കുന്നു.

വൃത്തിയുള്ള വസ്ത്രം ധരിക്കാൻ നാം ഇഷ്ടപ്പെടുന്നു. വസ്ത്രങ്ങൾ ഭംഗിയുള്ളതാക്കാൻ നാം ചെലവഴിക്കുന്ന പണത്തേയും സമയത്തേയും കുറിച്ചു ചിന്തിച്ചുനോക്കൂ.

വൃത്തിയുള്ള ഒരു ശരീരം നാം ഇഷ്ടപ്പെടുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. വിയർപ്പിൽനിന്നും പൊടിയിൽ നിന്നും ശരീരത്തെ സംരക്ഷിക്കുന്നതിനു സാധ്യമായതെല്ലാം നാം ചെയ്യുന്നു.

മുകളിൽ വിവരിച്ച വൃത്തിയുള്ള കാര്യങ്ങളെല്ലാം നമ്മുടെ കണ്ണിനു കുളിർമയേകുന്നു. മാത്രമല്ല, നമ്മെ രോഗങ്ങളിൽ നിന്നും വിടുവിക്കുകയും ചെയ്യുന്നു.

എന്നാൽ വൃത്തിയുള്ള ഒരു ഹൃദയം ഉണ്ടായിരിക്കാൻ ഈ മട്ടിലുള്ള ജാഗ്രത നമുക്കുണ്ടോ? വിവേകത്തോടെ ചിന്തിക്കുന്ന ഏതൊരു വ്യക്തിയും ഹൃദയശുദ്ധിയെ ബാഹ്യമായ എല്ലാറ്റിലും പ്രാധാന്യമുള്ളതായികാണും. ഹൃദയത്തിലെ നമ്മുടെ ചിന്തകൾ നമ്മെ നല്ലതിലേക്കും തിന്മയായതിലേക്കും വലിച്ചിഴയ്ക്കും. ഹൃദയത്തിൽ നിന്നും ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, മോഷണം എന്നിവയെല്ലാം വരുന്നു.

നിങ്ങളുടെ ഹൃദയം ശുദ്ധിയായി സൂക്ഷിക്കാൻ താങ്കൾ തയ്യാറാവുമോ? സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക (സദൃശ. 4:23)

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും (മത്തായി 5:8)

"ശുദ്ധിയ്ക്കായ് നീ യേശു സമീപേ പോയോ?
കളിച്ചോകുഞ്ഞാട്ടിൻ രക്തത്തിൽ?
അനുദിനം രക്ഷകൻ പക്ഷത്തോ നീ....
ശുദ്ധിയായ് നടന്നീടുന്നത്?"

Printed Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel